

# സന്ദേശം

BULLETIN OF CALICUT DIOCESE

VOLUME XXXVII MAY 2014 No.5

## അദ്ധ്വാനത്തിന്റെ മഹത്വം ഓർമ്മിപ്പിക്കുന്ന
## മെയ്ദിനം

# കോഴിക്കോട് രൂപത ബുള്ളറ്റിൻ

ബിഷപ്സ് ഹൗസ്, മലാപ്പറമ്പ്, കോഴിക്കോട്.

ഫോൺ: 0495 - 2370313


## ഉള്ളടക്കം


1. **മുഖമൊഴി**
2. **ആനന്ദത്തൈലംകൊണ്ട് അഭിഷിക്തരായവർ**
   ഫ്രാൻസിസ് പാപ്പ
3. **സർക്കുലർ: 2014 ജൂൺ 15 ബൈബിൾ ഞായർ**
4. **തോമസ് തട്ടകത്തച്ചൻ**
   **സഭയെ ധന്യമാക്കിയ വൈദികശ്രേഷ്ഠൻ**
   ടോമി മങ്കുഴി
5. **ഈശോയുടെ അമ്മ നമ്മുടേയും അമ്മ**
   സി. ആൽബിൻ മാത്യു എ.സി.
6. **വിശ്വാസ നൈർമല്യത്തിലേക്കുള്ള തിരിച്ചുവരവ്**
   ഫാ. സജീവ് വർഗ്ഗീസ്
7. **സൺഡേ സ്കോളർഷിപ്പ്**
8 **ഒരു പ്രവാസിയുടെ ഗൃഹാതുര സ്മരണ**
   മിൽട്ടൻ അച്ചൻ





***Contact***

*calicut_diocese@yahoo.com*
*suniljpereira@gmail.com*



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ
കോഴിക്കോട് രൂപത മെത്രാൻ

**ചീഫ് എഡിറ്റർ**
ഫാ. ജിയോ പയ്യപ്പിള്ളി

**എഡിറ്റോറിയൽ ബോർഡ്**
ഫാ.എ.ഡി. മാത്യു
ഫാ. ജിജു പള്ളിപ്പറമ്പിൽ
ഫാ. ടോണി ഗ്രേഷ്യസ്
ഫാ. സുനിൽ പെരേര

**സർക്കുലേഷൻ മാനേജർ**
സി. അന്ന മരിയ



ഫാ. സുനിൽ പെരേര

# മുഖമൊഴി

മെയ് മാസ സന്ദേശത്തിന്റെ പണിപ്പുരയിലിരിക്കുമ്പോൾ ചില നല്ല പൗരോഹിത്യ ചിന്തകളും ഓർമ്മകളും എനിക്ക് തരാൻ പരിശുദ്ധ പിതാവിന്റെ "ആനന്ദ തൈലത്താൽ അഭിഷിക്തരായവർ" എന്ന ലേഖനത്തിന് കഴിഞ്ഞു. അവസാന താളുകളിൽ എത്തുമ്പോൾ, ഇടമുറിയാതെ പെയ്യുന്ന ഇടവപ്പാതിപോലെ ദീർഘകാലമായ് സന്ദേശത്തിലെഴുതുന്ന മിൽട്ടനച്ചന്റെ ഗൃഹാതുര സ്മരണകളുടെ അവസാന ലക്കം, ഈശോ നൽകിയ പൗരോഹിത്യ ദാനത്തിന്റെ പത്തുവർഷങ്ങളുടെ ആഹ്ലാദകരമായ ഓർമ്മകളാൽ പൊതിയപ്പെട്ടിരിക്കുന്നു. നമ്മുടെ മൂന്ന് പ്രിയ വൈദികരുടെ ജൂബിലി വർത്തമാനങ്ങളും യശഃശരീരനായ തട്ടകത്ത് അച്ചന്റെ ഓർമകളിൽ സ്നാനം ചെയ്ത് ശ്രീ ടോമി മങ്കുഴി എഴുതിയ ലേഖനവും ചേർത്ത് വയ്ക്കുമ്പോൾ, മെയ്മാസ ലക്കം പൗരോഹിത്യത്തിന്റെ ആഘോഷമായ് എനിക്ക് തോന്നുന്നു. ഇവയോട് ഈ ദിവസങ്ങളിൽ എനിക്ക് ലഭിച്ച ഒരു ചെറിയ അനുഭവവും ചേർത്തുകൊണ്ട് ഞാനീ മുഖമൊഴി കുറിക്കുന്നു.

കുറച്ചു ദിവസങ്ങൾക്കു മുമ്പ് ലക്ഷദ്വീപിൽ നിന്നും അവധിക്ക് നാട്ടിൽവന്ന ഒരു കുടുംബം എന്നെ ഫോണിൽ ബന്ധപ്പെട്ടു. പള്ളിയും വൈദികരും ഇല്ലാത്ത സാഹചര്യത്തിൽ ജീവിക്കുന്ന അവർ കുഞ്ഞുങ്ങളുടെ കുർബാന സ്വീകരണവും സ്ഥൈര്യലേപനവും നടത്താനും വേണ്ടിയാണ് നാട്ടിൽ വന്നത്. ഇടവകയിൽ സ്ഥൈര്യലേപനം നൽകുന്ന ദിവസത്തിനു മുമ്പ് അവരുടെ തിരിച്ചുള്ള യാത്രാടിക്കറ്റ് ശരിയായതുകൊണ്ട് ആശങ്കയോടെയാണ് അവർ എന്നെ വിളിച്ചത്. പിതാവ് പ്രത്യേകമായ് അവർക്ക് സ്ഥൈര്യലേപനം നടത്തിക്കൊടുക്കുമോ എന്ന് അറിയാൻ. പിതാവ് ഉടനെ

സമ്മതിച്ചു. ഒരു തിരക്കുപിടിച്ച ദിവസം വൈകിട്ട് മറ്റൊരു കുർബാന ഉണ്ടായിരുന്നിട്ടു പോലും രാവിലെ അവർക്കു വേണ്ടി ബിഷപ്സ് ഹൗസിലെ ചാപ്പലിൽ കുർബാന ചൊല്ലി, സ്ഥൈര്യലേപനം കൊടുത്തു. ഞാൻ വേണ്ട ഒരുക്കങ്ങൾ ചെയ്തു, നിർദ്ദേശങ്ങൾ നൽകി, ഫോട്ടോകൾ എടുത്തു. സ്ഥൈര്യ ലേപന സർട്ടിഫിക്കറ്റ് തയ്യാറാക്കി കൊടുക്കുന്നതിന്റെ കൂടെ ഫോട്ടോകൾ സി.ഡിയിലേക്ക് പകർത്തിയ ഒരു കോപ്പിയും കൊടുത്തു. യാത്ര പറയാൻ വന്നപ്പോൾ സന്തോഷാശ്രുക്കൾ നിറഞ്ഞ മിഴികളോടെ അവർ പറഞ്ഞു. "ഫാദർ ഞങ്ങൾ ഫാദറിനെ ഒരിക്കലും മറക്കില്ല." ഹൃദയത്തിൽ നിന്നും ഉയർന്ന അവരുടെ കൃതജ്ഞത എന്നെയും സന്തോഷഭരിതനാക്കി. ഫ്രാൻസിസ് പാപ്പായുടെ ആനന്ദതൈലത്താൽ അഭിഷിക്തരായവർ എന്ന ലേഖനത്തിലെ വൈദികന്റെ സത്വത്തെ വെളിപ്പെടുത്തുന്ന ചില വരികൾ ഞാൻ ഓർത്തുപോയി. പാപ്പ പറഞ്ഞു "വൈദികൻ ദരിദ്രനാണ്. കാരണം അദ്ദേഹം ഏറെ ഉപേക്ഷിച്ചിരിക്കുന്നു.... താൻ ദരിദ്രൻ ആയതുകൊണ്ട് അദ്ദേഹത്തിന് തന്റെ സന്തോഷം കർത്താവിൽനിന്നും ദൈവത്തിന്റെ വിശ്വസ്ത ജനത്തിൽനിന്നും തേടേണ്ടിയിരിക്കുന്നു. തനിക്കുവേണ്ടി തന്നെ അദ്ദേഹം അത് സൃഷ്ടിക്കേണ്ട ആവശ്യം ഇല്ല. വൈദികരുടെ ഏറ്റവും നിസ്സാരമായ അനുഗ്രഹങ്ങൾക്കും പ്രത്യേകിച്ച് കൂദാശകൾക്കും അവരോട് നന്ദി പ്രകടിപ്പിക്കുന്നതിൽ നമ്മുടെ ആളുകൾ വളരെ ഉദാരമനസ്കരാണെന്ന് നമുക്ക് അറിയാം."

പാപ്പാ തുടർന്നു. "വൈദികന്റെ സത്വം.... ദൈവത്തിന്റെ വിശ്വസ്തജനത്തിൽ ഉൾപ്പെടുന്നു. അതില്ലാതെ വൈദികന് സത്വവും തൽഫലമായ് ജീവിതസന്തോഷവും ഇല്ല." "നിങ്ങൾക്ക് ഭരമേൽപിക്കപ്പെട്ടത് നിങ്ങളുടെ ജനത്തിന് നൽകുക, എന്തെന്നാൽ നിങ്ങൾ ആരാണെന്നും നിങ്ങളുടെ നാമം എന്താണെന്നും നിങ്ങളുടെ സത്വം എന്താണെന്നും അനുഭവിക്കാനും രുചിക്കാനും നിങ്ങളുടെ ജനം നിങ്ങൾക്ക് ഇടയാക്കും.... തന്നെ ശുശ്രൂഷിക്കുന്നവർക്ക് കർത്താവ് വാഗ്ദാനം ചെയ്തിട്ടുള്ള നൂറ് മേനിയിൽ ആഹ്ലാദിക്കുവാൻ അവർ നിങ്ങൾക്ക് ഇടവരുത്തും.



# ആനന്ദതൈലംകൊണ്ട് അഭിഷിക്തരായവർ

ദാരിദ്ര്യവും വിശ്വസ്തതയും അനുസരണവും ഒരു നല്ല വൈദികന്റെ മൂന്നു സഹോദരിമാർ

ഏപ്രിൽ 17-ാം തിയ്യതി പെഹസാവ്യാഴാഴ്ച രാവിലെ, 1700-ൽപരം വൈദികരോടും 44 കർദിനാൾമാരോടും ചേർന്ന് ഫ്രാൻസീസ് മാർപാപ്പ സമൂഹ ദിവ്യബലി അർപ്പിച്ചു. പൗരോഹിത്യത്തിന്റെ "സംരക്ഷിത സന്തോഷ" ത്തെക്കുറിച്ച് അദ്ദേം അവരോട് സംസാരിച്ചു. ഈ സന്തോഷത്തെ സംരക്ഷിക്കുന്ന അജഗണം മാത്രമല്ല, "അതിനെ വലയം ചെയ്യുകയും പാലിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്ന, സഹോദരി ദാരിദ്ര്യം, സഹോദരി വിശ്വസ്തത, സഹോദരി അനുസരണം എന്നീ മൂന്നു സഹോദരിമാർ കൂടിയാണ്." ഇറ്റാലിയൻ ഭാഷയിൽ മാർപാപ്പ നൽകിയ വനചവ്യാഖ്യാനത്തിന്റെ വിവർത്തനം ചുവടെ.

പ്രിയ സഹോദരപുരോഹിതൻമാരേ,

അവസാനം വരെ നമ്മോടുള്ള തന്റെ സ്നേഹം ക്രിസ്തു പ്രകടമാക്കിയ യോഹ (13:1) പെസഹാവ്യാഴാഴ്ചയുടെ നിത്യമായ "ഇന്നി" ൽ, ആഹ്ലാദകരമായ പൗരോഹിത്യ സ്ഥാപന ദിനത്തെയും അതുപോലെ തന്നെ നമ്മുടെ സ്വന്തം പൗരോഹിത്യാഭിഷേക ദിവസത്തെയും നാം അനുസ്മരിക്കുന്നു. സന്തോഷ തൈലംകൊണ്ട് കർത്താവ് നമ്മെ ക്രിസ്തുവിൽ അഭിഷേകം ചെയ്തിരിക്കുന്നു. ഈ മഹാദാനത്തെ ഒരു

വൈദികനായിരിക്കുക എന്നതിന്റെ ആനന്ദത്തെ, ആഹ്ലാദത്തെ സ്വീകരിക്കുവാനും വിലമതിക്കാനും ഈ അഭിഷേകം നമ്മെ ക്ഷണിക്കുകയാണ്. പൗരോഹിത്യ സന്തോഷം പുരോഹിതനു മാത്രമല്ല, ദൈവത്തിന്റെ മുഴുവൻ വിശ്വസ്ത ജനത്തിനും അമൂല്യമായ ഒരു നിധിയാണ്. ഈ വിശ്വസ്ത ജനത്തിൽ നിന്നാണ് അഭിഷേകം ചെയ്യപ്പെടാൻ അദ്ദേഹം വിളിക്കപ്പെടുക. പിന്നീട് അഭിഷേകം ചെയ്യാൻ വേണ്ടി അവരുടെ പക്കലേക്ക് അദ്ദേഹം അയക്കപ്പെടുന്നു.

സന്തോഷത്തിന്റെ തൈലംകൊണ്ട് മറ്റുള്ളവരെ അഭിഷേകം ചെയ്യാൻ വേണ്ടി സന്തോഷത്തിന്റെ തൈലംകൊണ്ട് നിങ്ങൾ അഭിഷിക്തരാക്കിയിരിക്കുന്നു. പൗരോഹിത്യ സന്തോഷത്തിന്റെ ഉറവിടം പിതാവിന്റെ സ്നേഹത്തിലാണ്. ഈ സ്നേഹത്തിന്റെ സന്തോഷം "നമ്മിൽ കുടികൊള്ളാനും" "പൂർണ്ണമാകാനും" കർത്താവ് ആഗ്രഹിക്കുന്നു (യോഹ 15:11) മാതാവിനെക്കുറിച്ചു ധ്യാനിച്ചുകൊണ്ട് സന്തോഷത്തെക്കുറിച്ച് വിചിന്തനം നടത്താനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. എന്തെന്നാൽ, "ജീവനുള്ള സുവിശേഷത്തിന്റെ അമ്മയായ മറിയം ദൈവത്തിന്റെ കുഞ്ഞുങ്ങൾക്ക് ആനന്ദത്തിന്റെ സ്രോതസ്സാണല്ലോ" (സുവിശേഷത്തിന്റെ ആനന്ദം (Evangelii Gaudium,288) പുരോഹിതൻ തീർച്ചയായും വളരെ ചെറിയവനാണെന്നു പറയുന്നത് ഒരു അതിശയോക്തിയാണെന്നു ഞാൻ കരുതുന്നില്ല. ശുശ്രൂഷക്കുവേണ്ടി നമുക്കു നൽകപ്പെടുന്ന വരപ്രസാദത്തിന്റെ താരതമ്യം ചെയ്യാനാവാത്ത മഹത്വം മനുഷ്യരിലെ ഏറ്റവും ചെറിയവരുടെ ഇടയിൽ നമ്മെ പ്രതിഷ്ഠിക്കുന്നു. യേശു, പുരോഹിതനെ തന്റെ ദാരിദ്ര്യംകൊണ്ടു സമ്പന്നനാക്കാത്ത പക്ഷം അദ്ദേഹം മനുഷ്യരിലെ ഏറ്റവും ദരിദ്രനാണ്. യേശു അദ്ദേഹത്തെ തന്റെ സ്നേഹിതൻ എന്നു വിളിക്കുന്നില്ലെങ്കിൽ, അദ്ദേഹം ഏറ്റവും പ്രയോജനരഹിതനായ ദാസനാണ്. പത്രോസിനെ പഠിപ്പിച്ചതുപോലെ യേശു അദ്ദേഹത്തെ ക്ഷമാപൂർവ്വം പഠിപ്പിക്കുന്നില്ലെങ്കിൽ അദ്ദേഹം മനുഷ്യരുടെ ഇടയിലെ ഏറ്റവും അജ്ഞനായിരിക്കും. അജഗണത്തിന്റെ മധ്യത്തിൽ നല്ല ഇടയൻ അദ്ദേഹത്തെ ശക്തിപ്പെടുത്താത്തപക്ഷം ക്രൈസ്തവരുടെ ഇടയിലെ ഏറ്റവും ബലഹീനൻ അദ്ദേഹമായിരിക്കും. തന്റെ സ്വന്തം ഉപായങ്ങളുമായി കഴിയുന്ന ഒരു വൈദികനേക്കാൾ "താഴ്ന്നതായി" ആരുമില്ല. അതുകൊണ്ട് ദുഷ്ടാരൂപിയുടെ എല്ലാ കെണികൾക്കുമെതിരെ സംരക്ഷണത്തിനുള്ള നമ്മുടെ പ്രാർഥന

നമ്മുടെ മാതാവിന്റെ പ്രാർഥന തന്നെയാണ്. ഞാൻ ഒരു വൈദികനായിരിക്കുന്നത് അവിടുന്ന് എന്റെ താഴ്മയെ കടാക്ഷിച്ചതുകൊണ്ടാണ് (ലൂക്കാ 1:48) ആ താഴ്മയിൽ നാം നമ്മുടെ സന്തോഷം കണ്ടെത്തുന്നു, നമ്മുടെ താഴ്മയിലുള്ള സന്തോഷം.

എന്നെ സംബന്ധിച്ചിടത്തോളം, നമ്മുടെ പൗരോഹിത്യ സന്തോഷത്തിന് മൂന്നു സുപ്രധാന സവിശേഷതകളുണ്ട്. അത് നമ്മെ അഭിഷേകം ചെയ്യുന്ന ഒരു  സന്തോഷമാണ്. (നമ്മെ സ്തുതിപാഠകരും, ധാരാളികളും, ധിക്കാരികളുമാക്കിക്കൊണ്ട്  നമുക്ക് 'എണ്ണതേക്കുന്ന" ഒന്നല്ല). അനശ്വരമായ ഒരാനന്ദമാണത്. വ്യാപിക്കുകയും നമ്മിൽ നിന്ന് ഏറ്റവും അകലെയുള്ളവരിൽ നിന്നു തുടങ്ങി പിറകിലേക്ക് എല്ലാവരെയും ആകർഷിക്കുകയും ചെയ്യുന്ന ഒരു പ്രേഷിതാനന്ദമാണത്.

നമ്മെ അഭിഷേകം ചെയ്യുന്ന ഒരു സന്തോഷം. ചുരുക്കത്തിൽ ഇങ്ങനെ പറയാം: നമ്മുടെ ഹൃദയങ്ങളിൽ അത് അഗാധമായി തുളഞ്ഞുകയറിയിരിക്കുന്നു. ഹൃദയങ്ങളെ അത് രൂപപ്പെടുത്തുകയും കൗദാശികമായി ശക്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. കൈവെയ്പ്, വിശുദ്ധ തൈലംകൊണ്ടുള്ള അഭിഷേകം, തിരുവസ്ത്രങ്ങൾ ധരിപ്പിക്കൽ, അതിനെ തൊട്ട് തുടർന്നുവരുന്ന പ്രഥമ സമർപ്പണം, എന്നിങ്ങനെയുള്ള അഭിഷേക തിരുക്കർമത്തിന്റെ അടയാളങ്ങൾ, കർത്താവ് നമുക്ക് നൽകിയതെല്ലാം മറ്റുള്ളവർക്ക് കൈമാറാനും അവരുമായി പങ്കുവെക്കാനുമുള്ള സഭയുടെ മാതൃസഹജമായ അഭിലാഷത്തെക്കുറിച്ച് നമ്മോട് സംസാരിക്കുന്നു.... ദൈവകൃപ വക്കുവരെ നമ്മിൽനിറയുകയും ഓരാ വൈദികനിലും പൂർണ്ണമായും സമൃദ്ധമായും മുഴുവനായും കവിഞ്ഞൊഴുകുകയും ചെയ്യുന്നു. നമ്മുടെ അസ്ഥികൾവരെ താഴ്ന്ന് നാം അഭിഷിക്തരാകുന്നു.... നമ്മുടെ ഉള്ളിന്റെ അഗാധതയിൽ നിന്നു ഉദ്ഗമിക്കുന്ന നമ്മുടെ സന്തോഷം ഈ അഭിഷേകത്തിന്റെ പ്രതിധ്വനിയാണ്.

അനശ്വരമായ ഒരു സന്തോഷം. ആർക്കും എടുത്തുകളയാനോ വർധിപ്പിക്കാനോ കഴിയാത്ത ഈ ദാനത്തിന്റെ നിറവ് സന്തോഷത്തിന്റെ അവസാനിക്കാത്ത ഒരു സ്രോതസ്സാണ്. ആർക്കും നമ്മിൽ നിന്ന് എടുത്തകളയാൻ സാധിക്കുകയില്ല എന്ന് കർത്താവ് വാഗ്ദാനം ചെയ്ത (യോഹ. 16:22) ഒരു അനശ്വരാനന്ദമാണത്. പാപമോ ജീവിതക്ലേശങ്ങളോ കാരണം അത് നിർജ്ജീവമാകുകയോ തടസ്സപ്പെടുകയോ



ചെയ്തെന്നു വരാം. എങ്കിലും, ചാരത്തിനു താഴെ കത്തുന്ന ഒരു വിറകിന്റെ കനലുകൾപോലെ, ആഴത്തിൽ അത് അഭംഗുരമായി നിലകൊള്ളും. അത് എപ്പോഴും നവീകരിക്കാവുന്നതുമാണ്. തിമോത്തേയോസിന് പൗലോസ് നൽകുന്ന ഉദ്ബോധനത്തിന് എപ്പോഴും കാലികപ്രസക്തിയുണ്ട്. എന്റെ കൈവെയ്പിലൂടെ നിനക്കു ലഭിച്ച ദൈവികവരം വീണ്ടും ഉജ്ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ അനുസ്മരിപ്പിക്കുന്നു. 2 (തിമോ. 1:6)

ഒരു പ്രേഷിതാനന്ദം. ഈ മൂന്നാമത്തെ സവിശേഷത നിങ്ങളുമായി പ്രത്യേകം പങ്കുവെക്കാനും അതിന് ഊന്നൽ നൽകാനും ഞാൻ ആഗ്രഹിക്കുന്നു. പൗരോഹിത്യ സന്തോഷം ദൈവത്തിന്റെ വിശുദ്ധവും വിശ്വസ്തവുമായ ജനത്തോട് അഗാധമായി ബന്ധപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, അത് വിശേഷരീതിയിലുള്ള ഒരു പ്രേഷിത സന്തോഷമാണ്. ദൈവത്തിന്റെ വിശുദ്ധവും വിശ്വസ്തവുമായ ജനത്തെ അഭിഷേകം ചെയ്യാൻ, അവർക്ക് ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും കൊടുക്കാനും അവരെ സൗഖ്യമാക്കാനും വിശുദ്ധീകരിക്കാനും അവരെ ആശീർവദിക്കാനും ആശ്വസിപ്പിക്കാനും സുവിശേഷവത്കരിക്കാനും, ഉദ്ദേശിച്ചുള്ളതാണ് നമ്മുടെ അഭിഷേകം.

ഇടയൻ അദ്ദേഹത്തിന്റെ അജഗണത്തിന്റെ മധ്യത്തിലായിരിക്കുമ്പോൾ മാത്രമാണ് (തന്റെ പ്രാർത്ഥനയുടെ നിശ്ശബ്ദതയിൽ പോലും, പിതാവിനെ ആരാധിക്കുന്ന ഇടയൻ തന്റെ അടുകളോടൊപ്പമാണ്) ഈ സന്തോഷം പൊട്ടിപ്പുറപ്പെടുക. അതുകൊണ്ട് അത് അജഗണം തന്നെ കാവൽ നിൽക്കുന്ന ഒരു "സംരക്ഷിത സന്തോഷമാണ്. എല്ലാം ഇരുണ്ടതായി കാണപ്പെടുകയും ഒറ്റപ്പെടലിന്റെ ഒരനുഭവം നമ്മിൽ ആധിപത്യം പുലർത്തുകയും ചെയ്യുന്ന വിഷാദാത്മകനിമിഷങ്ങളിൽപോലും,



നമ്മുടെ പൗരോഹിത്യ ജീവിതത്തിൽ ചിലപ്പോൾ നമ്മെ കീഴടക്കുന്ന ഉദാസീനതയുടെയും വിരസതയുടെയും നിമിഷങ്ങളിൽപോലും (ഈ അനുഭവം എനിക്കും ഉണ്ടായിട്ടുണ്ട്), ദൈവജനത്തിന് ആ സന്തോഷം "സംരക്ഷിക്കാൻ" സാധിക്കുന്നു. അവർക്ക് നിങ്ങളെ സംരക്ഷിക്കാനും നിങ്ങളെ ആശ്ലേഷിക്കാനും നവീകൃത സന്തോഷം കണ്ടെത്തുന്നതിലേക്ക് നിങ്ങളുടെ ഹൃദയം തുറക്കുന്നതിന് നിങ്ങളെ സഹായിക്കാനും കഴിയുന്നു.

"സംരക്ഷിത സന്തോഷം: അജഗണം സംരക്ഷിക്കുന്നുവെങ്കിലും അതിനെ വലയം ചെയ്യുകയും പാലിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്ന സഹോദരി ദാരിദ്ര്യം, സഹോദരി വിശ്വസ്തത, സഹോദരി അനുസരണം എന്നീ മൂന്നു സഹോദരിമാരും സംരക്ഷിക്കുന്ന ഒന്നാണത്.

വൈദികരുടെ സന്തോഷം ദാരിദ്ര്യത്തിന്റെ സഹോദരിയായ ഒരു സന്തോഷമാണ്. കേവലം മാനുഷിക സന്തോഷത്തിന്റെ ഭാഷയിൽ വൈദികൻ ദരിദ്രനാണ്. അദ്ദേഹം വളരെയേറെ ഉപേക്ഷിച്ചിരിക്കുന്നു. താൻ ദരിദ്രനായതുകൊണ്ട്, മറ്റുള്ളവർക്ക് ഏറെ വിട്ടുകൊടുക്കുന്ന അദ്ദേഹത്തിന് തന്റെ സന്തോഷം കർത്താവിൽ നന്നും ദൈവത്തിന്റെ വിശ്വസ്തത ജനത്തിൽ നിന്നും തേടേണ്ടിയിരിക്കുന്നു. തനിക്കുവേണ്ടി

തന്നെ അദ്ദേഹം അതു സൃഷ്ടിക്കേണ്ട ആവശ്യമില്ല. വൈദികരുടെ ഏറ്റവും നിസ്സാരമായ അനുഗ്രഹത്തിനും പ്രത്യേകിച്ച് കൂദാശകൾക്കും അവരോട് നന്ദി പ്രകടിപ്പിക്കുന്നതിൽ നമ്മുടെ ആളുകൾ വളരെ ഉദാരമനസ്കരാണെന്ന് നമുക്കറിയാം. പൗരോഹിത്യ സ്വത്വത്തിന്റെ പ്രതിസന്ധിയെക്കുറിച്ചു സംസാരിക്കുമ്പോൾ, ആ സ്വത്വം ഭാഗഭാഗിത്വത്തെ വിഭാവന ചെയ്യുന്നു എന്നു മനസ്സിലാക്കുന്നതിൽ അനേകം ആളുകൾ പരാജയപ്പെടുന്നു. ദൈവത്തിന്റെ വിശ്വസ്ത ജനത്തിൽ ഉൾപ്പെടുന്നു എന്ന സജീവവും അചഞ്ചലവുമായ ഒരു അവബോധം കൂടാതെ സ്വത്വം- തൽഫലമായി ജീവിതസന്തോഷവും- ഇല്ല (cf. 'സുവിശേഷത്തിന്റെ ആനന്ദം' (Evangelii Gaudium, 268) ആത്മാന്വേഷണവും ആത്മപരിശോധനയും വഴി തന്റെ പൗരോഹിത്യസ്വത്വം കണ്ടെത്താൻ പരിശ്രമിക്കുന്ന വൈദികന് "പുറത്തേക്കുള്ള വഴിയുടെ" അടയാളങ്ങളല്ലാതെ മറ്റൊന്നും നേരിടേണ്ടിവരില്ല. നിങ്ങളിൽ നിന്നുതന്നെ പുറത്തുകടക്കുക. ദൈവത്തെ ആരാധനയിൽ അന്വേഷിക്കാൻ വേണ്ടി പുറത്തുകടക്കുക, പുറത്തുകടന്ന് നിങ്ങൾക്ക് ഭരമേൽപിക്കപ്പെട്ടത് നിങ്ങളുടെ ജനത്തിനു നൽകുക. പുറത്തുകടന്ന് നിങ്ങൾക്ക് ഭരമേൽപിക്കപ്പെട്ടത് നിങ്ങളുടെ ജനത്തിനു നൽകുക എന്നു പറയുന്ന അടയാളങ്ങളാണവ. എന്തെന്നാൽ, നിങ്ങൾ ആരാണെന്നും നിങ്ങളുടെ നാമം എന്താണെന്നും നിങ്ങളുടെ സ്വത്വം എന്താണെന്നും അനുഭവിക്കാനും രുചിക്കാനും നിങ്ങളുടെ ജനം നിങ്ങൾക്ക് ഇടയാക്കും. തന്നെ ശുശ്രൂഷിക്കുന്നവർക്ക് കർത്താവ് വാഗ്ദാനം ചെയ്തിട്ടുള്ള നൂറുമേനിയിൽ ആഹ്ലാദിക്കാൻ അവർ നിങ്ങൾക്ക് ഇടവരുത്തും. നിങ്ങൾ നിങ്ങളിൽ നിന്നുതന്നെ "പുറത്തു കടക്കാത്ത" പക്ഷം, തൈലത്തിനു കേടുവരികയും അഭിഷേകത്തിന് ഫലസമൃദ്ധമാകാൻ കഴിയാതെ വരികയും ചെയ്യും. നമ്മളിൽ നിന്നു തന്നെ പുറത്തുകടക്കുക എന്നത് വിഭാവന ചെയ്യുന്നത് ആത്മപരിത്യാഗമാണ്. അതിന്റെ അർത്ഥം ദാരിദ്ര്യം എന്നാകുന്നു.

പൗരോഹിത്യ സന്തോഷം വിശ്വസ്തതയുടെ സഹോദരിയായ ഒരു സന്തോഷമാണ്. പ്രാഥമികമായി നമ്മളെല്ലാം 'നിർമ്മലർ" ആണ് എന്ന അർത്ഥത്തിലല്ല (ദൈവകൃപകൊണ്ട് നാം അങ്ങനെയായിരുന്നുവെങ്കിൽ!) എന്തെന്നാൽ, നാം പാപികളാണ്. പക്ഷെ ഏകവധുവായ സഭയോടുള്ള എപ്പോഴും നവീകരിക്കപ്പെടുന്ന ഒരു വിശ്വസ്തത എന്ന അർത്ഥത്തിലാണിത്. ഇവിടെ ഫലസമൃദ്ധിയാണ് മാർഗദർശകം. ഓരോ വൈദി



കനും കർത്താവ് നൽകുന്ന ആത്മീയ സന്താനങ്ങൾ, അദ്ദേഹം ജ്ഞാന സ്നാനം നൽകിയ കുട്ടികൾ, അദ്ദേഹം ആശീർവദിക്കുകയും അവരുടെ വഴിയിൽ സഹായിക്കുകയും ചെയ്ത കുടുംബങ്ങൾ, അദ്ദേഹം ആശ്വസിപ്പിച്ച രോഗികൾ, അദ്ദേഹം മതബോധനം നൽകുകയും വളരാൻ സഹായിക്കുകയും ചെയ്ത യുവജനങ്ങൾ, അദ്ദേഹം സഹായിക്കുന്ന ദരിദ്രർ.... ഇവരെല്ലാമാണ് "വധു." ഈ വധുവിനെ തന്റെ ഏകപമോന്നത പ്രേമഭാജനമായി കരുതുന്നതിൽ അദ്ദേഹം ആഹ്ലാദിക്കുന്നു. ഈ വധുവിനോട് അദ്ദേഹം നിരന്തരം വിശ്വസ്തത പുലർത്തുന്നു. ഒരു പ്രഥമ നാമവും ഒരു അന്ത്യനാമവുമുള്ള സജീവ സഭയാണത്. ഈ സഭയെ വൈദികൻ തന്റെ ഇടവകയിലോ തനിക്കു ഭരമേൽപിക്കപ്പെട്ട ദൗത്യത്തിലോ പരിപാലിക്കുന്നു. അദ്ദേഹം ദൗത്യത്തോടു വിശ്വസ്തനായിരിക്കുമ്പോഴൊക്കെ, ചെയ്യേണ്ടതെല്ലാം അദ്ദേഹം ചെയ്യുകയും ഉപേക്ഷിക്കേണ്ടതെല്ലാം അദ്ദേഹം ഉപേക്ഷിക്കുകയും ചെയ്യുമ്പോൾ, കർത്താവ് തന്നെ ഭരമേൽപിച്ച അജഗണത്തിന്റെ മധ്യേ അദ്ദേഹം ദൃഢമായി നിലകൊള്ളുന്ന കാലമത്രയും ആ ദൗത്യം അദ്ദേഹത്തിന് സന്തോഷം കൈവരുത്തുന്നു. "എന്റെ കുഞ്ഞാടുകളെ മേയിക്കുക." (cf.യോഹ. 1:16,17)

പൗരോഹിത്യ സന്തോഷം അനുസരണത്തിന്റെ സഹോദരിയായ സന്തോഷമാണ്. അധികാരശ്രേണിയിലെ സഭയോടുള്ള ഒരു അനുസരണം നമുക്ക് തരുന്നത് നമ്മുടെ അനുസരണത്തിനുള്ള കേവലം ബാഹ്യമായ ചട്ടക്കൂട്, ഞാൻ അയക്കപ്പെട്ടിട്ടുള്ള ഇടവക, ശുശ്രൂഷ

സംബ്ധിച്ച എന്റെ ചുമതലകൾ, എന്റെ പ്രത്യേക ജോലി...മാത്രമല്ല, എല്ലാ പിതൃത്വത്തിന്റെയും സ്രോതസ്സായ പിതാവായ ദൈവത്തോടുള്ള ഐക്യം കൂടിയാണ്. അതുപോലെതന്നെ, ശുശ്രൂഷയിൽ, "സത്വര സേവന സന്നദ്ധതയുള്ള പരിശുദ്ധ മാതാവിന്റെ" (cf.ലൂക്കാ 1:39) "തിടുക്കത്തിൽ" (meta spoudes) മാതൃക അനുസരിച്ച് എനിക്കു കഴിയുന്നത്ര ഏറ്റവും നന്നായി എല്ലാവരെയും എപ്പോഴും ശുശ്രൂഷിക്കാനുള്ള ലഭ്യതയിലും സന്നദ്ധതയിലും, സഭയോടുള്ള ഒരു അനുസരണമാണത്. തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ ശുശ്രൂഷിക്കാൻ മാതാവ് തിടുക്കത്തിൽ യാത്ര പോകുന്നു. വീഞ്ഞ് തീർന്നുപോകുമ്പോൾ കാനായിലെ കലവറയെക്കുറിച്ച് അവൾക്ക് ഉൽക്കണ്ഠയുണ്ട്. സഭയിലെ വൈദികരുടെ ലഭ്യത സഭയെ തുറന്നവാതിലുകളുള്ള ഒരു വസതിയാക്കിത്തീർക്കുന്നു: പാപികൾക്ക് ഒരു അഭയസങ്കേതമാക്കുന്നു. തെരുവുകളിൽ ജീവിക്കുന്നവർക്ക് ഒരു ഭവനമാക്കുന്നു; രോഗികൾക്ക് സ്നേഹശുശ്രൂഷയുടെ ഒരു ഇടമാക്കുന്നു; യുവജനങ്ങൾക്ക് ഒരു താവളമാക്കുന്നു: പ്രഥമ ദിവ്യകാരുണ്യം സ്വീകരിക്കാൻ പോകുന്ന കുട്ടികൾക്ക് ഒരു പഠനമുറിയാക്കുന്നു... ദൈവജനത്തിന് ആഗ്രഹങ്ങളും ആവശ്യങ്ങളും ഉള്ള ഇടത്ത് വൈദികനുണ്ട്. അവരെ ശ്രവിക്കേണ്ടത് (കേൾക്കേണ്ടത് ob-audire) എപ്രകാരമെന്ന് അദ്ദേഹത്തിനറിയാം. കാരുണ്യപൂർവം ആ ആവശ്യം പരിഹരിക്കാനോ സമർഥമായ ഉപവിയോ



ടുകൂടി ആ നല്ല ആഗ്രഹങ്ങളെ പ്രോൽസാഹിപ്പിക്കാനോവേണ്ടി തന്നെ അയക്കുന്ന ക്രിസ്തുവിൽ നിന്നുള്ള സ്നേഹപൂർണമായ ഒരാജ്ഞ അദ്ദേഹത്തിന് അനുഭവപ്പെടുന്നു.

യഥാർത്ഥവും പൂർണ്ണവുമായ സന്തോഷം ഈ ലോകത്തിൽ നിലനിൽക്കുന്നുവെന്ന് വിളിക്കപ്പെടുന്നവരെല്ലാം മനസ്സിലാക്കണം. നാം സ്നേഹിക്കുന്ന ആളുകളിൽ നിന്ന് എടുക്കപ്പെടുന്നതിന്റെയും യേശുവിന്റെ ദാനങ്ങളുടെ വിതരണക്കാരും ഉപദേഷ്ടാക്കളും എന്ന നിലയിൽ പിന്നീട് അവരിലേക്ക് മടക്കി അയക്കപ്പെടുന്നതിന്റെയും സന്തോഷമാണത്. ഇടയനില്ലാത്ത ആടുകളെപ്പോലെ ക്ഷീണിതരും ക്ലേശിതരുമായ, ഈ ഭൂമിയിലെ ചെറിയവരും ബഹിഷ്കൃതരുമായ എല്ലാവരോടും അഗാധമായ ആർദ്രതയുള്ള ഏക നല്ല ഇടയനാണല്ലോ യേശു. തന്റെ ശുശ്രൂഷയിൽ മററനേകർ പങ്കെടുക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു. അവിടുത്തേക്ക് നമ്മോടൊത്ത് കഴിയാനും തന്റെ ജനത്തിന്റെ നൻമക്കുവേണ്ടി അവിടുത്തെ വൈദികർ എന്ന വ്യക്തികളിലൂടെ പ്രവർത്തിക്കാനും വേണ്ടിയാണിത്.

ഈ പെസഹാവ്യാഴാഴ്ച, എന്റെ പ്രാർത്ഥന ഇതാണ്. അനേകം യുവജനങ്ങൾ ഹൃദയത്തിൽ സന്തോഷം കൊളുത്തുന്ന, ജ്വലിക്കുന്ന ആവേശം ഉൾക്കൊണ്ട്, ധീരതയോടെ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നൽകാൻ പ്രാപ്തരാകട്ടെ.

ഈയിടെ അഭിഷിക്തരായവരുടെ കണ്ണുകളിൽ തിളങ്ങുന്ന സന്തോഷം നിലനിർത്താൻ ഈ പെസഹാവ്യാഴാഴ്ച യേശുനാഥനോടു ഞാൻ അപേക്ഷിക്കുന്നു. ലോകത്തെ വിഴുങ്ങാൻ, ദൈവത്തിന്റെ വിശ്വസ്ത ജനത്തിന്റെ മധ്യത്തിൽ പൂർണമായി തങ്ങളെതന്നെ ചെലവഴിക്കാൻ, അവർ പുറപ്പെടുന്നു. തങ്ങളുടെ ആദ്യത്തെ വചനവ്യാഖ്യാത്തിനുവേണ്ടി, പ്രഥമ ദിവ്യബലിക്കുവേണ്ടി, ആദ്യത്തെ ജ്ഞാനസ്നാനത്തിനുവേണ്ടി, ആദ്യത്തെ കുമ്പസാരത്തിനുവേണ്ടി, ഒരുങ്ങുമ്പോൾ അവർ ആഹ്ലാദിക്കുന്നു....ദൈവത്തിന്റെ അഭിഷിക്തർ എന്ന നിലയിൽ ഇദംപ്രഥമമായി സുവിശേഷത്തിന്റെ അമൂല്യതയിൽ വിസ്മയപൂർവം പങ്കെടുക്കാനും മറ്റൊരുരീതിയിൽ വിശ്വാസി സമൂഹം അവരുടെ അഭ്യർത്ഥനകൾ വഴി, നിങ്ങളുടെ ആശീർവാദത്തിനുവേണ്ടി അവരുടെ ശിരസ്സുകൾ കുനിക്കുന്നതുവഴി, നിങ്ങളുടെ കൈകളിൽ പിടിക്കുന്നതുവഴി, അവരുടെ കുട്ടികളെ നിങ്ങളുടെ അടുക്കൽ കൊണ്ടുവരുന്ന

തുവഴി, അവരുടെ രോഗികൾക്കുവേണ്ടി അപേക്ഷിക്കുന്നതുവഴി, നിങ്ങളെ വീണ്ടു വീണ്ടും അഭിഷേകം ചെയ്യുന്നത് അനുഭവിക്കാനും സാധിക്കുന്നതിലെ സന്തോഷമാണത്..... നാഥാ, നിനക്കുവേണ്ടി ഇറങ്ങിപ്പുറപ്പെടുന്നതിന്റെയും ആദ്യത്തെ പ്രാവശ്യം എന്നപോലെ എല്ലാം ചെയ്യുന്നതിന്റെയും സന്തോഷം, അവരുടെ ജീവിതങ്ങൾ പൂർണമായി അങ്ങേക്കുവേണ്ടി ചെലവഴിക്കുന്നതിലെ സന്തോഷം, അങ്ങയുടെ യുവ വൈദികരിൽ നിലനിർത്തണമേ.

പൗരോഹിത്യത്തിന്റെ ഈ വ്യാഴാഴ്ച, ഏതാനും വർഷങ്ങൾ ശുശ്രൂഷ ചെയ്തു കഴിഞ്ഞവരുടെ പൗരോഹിത്യ സന്തോഷം സ്ഥിരീകരിക്കണമെന്ന് യേശുനാഥനോട് ഞാൻ പ്രാർത്ഥിക്കുന്നു. ഈ സന്തോഷം അവരുടെ കണ്ണുകളിൽ നിന്ന് നഷ്ടപ്പെടാതെ പൗരോഹിത്യ ശുശ്രൂഷയുടെ ഭാരം വഹിക്കുന്നവരുടെ ചുമലുകളിൽ, പ്രേഷിതത്വത്തിന്റെ ക്ലേശങ്ങൾ അനുഭവിച്ചിട്ടുള്ള ആ വൈദികരിൽ കായികാഭ്യാസികൾ പറയുന്നതുപോലെ, “ഒരു രണ്ടാം ശ്വാസം ലഭിച്ച്,” തങ്ങളുടെ ശക്തി സമാഹരിച്ചുകൊണ്ട് തങ്ങളെതന്നെ വീണ്ടും ആയുധമണിയിക്കുന്നു. നാഥാ ഈ ഇതരവൈദികർ അനുഭവിക്കുന്ന സന്തോഷത്തിന്റെ ആഴവും ജ്ഞാനവും പക്വതയും നിലനിർത്തണമേ. നെഹെമിയായോടൊപ്പം ''കർത്താവിന്റെ സന്തോഷമാണ് എന്റെ ബലം'' (cf.നെഹ. 8:10) എന്നു പ്രാർത്ഥിക്കാൻ അവർക്കു കഴിയട്ടെ.

അവസാനമായി, പൗരോഹിത്യത്തിന്റെ ഈ വ്യാഴാഴ്ച, പ്രായം ചെന്ന വൈദികരുടെ അവർ ആരോഗ്യമുള്ളവരാണെങ്കിലും അല്ലെങ്കിലും, സന്തോഷം കൂടുതൽ നന്നായി അറിയപ്പെടാൻ ഇടയാക്കണമെന്ന് യേശുനാഥനോട് ഞാൻ അപേക്ഷിക്കുന്നു. നശ്വരമായ മൺപാത്രങ്ങളിൽ അനശ്വരമായ ഒരു നിധിയാണ് നാം കൈവശം വെയ്ക്കുന്നത് എന്ന അറിവിൽ നിന്ന് ഉദിക്കുന്ന കുരിശിന്റെ സന്തോഷമാണത്. എവിടെയായിരുന്നാലും ഈ വൈദികർ സന്തോഷം കണ്ടെത്തട്ടെ. വർഷങ്ങളുടെ കടന്നുപോകലിൽ, നിത്യതയുടെ ഒരു സ്വാദ് അവർ ഇപ്പോൾ തന്നെ അനുഭവിക്കട്ടെ (ഗാർദീനി). നാഥാ, ദീപശിഖ കൈമാറുന്നതിന്റെ സന്തോഷം,തങ്ങളുടെ ആത്മീയമക്കളുടെ പുതിയ തലമുറകളെ കാണുന്നതിലും വിദൂരത്തുനിന്ന് വാഗ്ദാനങ്ങൾ നൽകുന്നതിലും നിരാശപ്പെടുത്താത്ത പ്രത്യാശയിൽ സാധാനപൂർവം പുഞ്ചിരിക്കുന്നതിലുമുള്ള സന്തോഷം, അവർ അറിയട്ടെ.,

# ജൂബിലി മംഗളങ്ങൾ







ഫാ. ആൽഫ്രെഡ് വി. സി., ഫാ. വിൻസെന്റ് പുളിക്കൽ, ഫാ. സെബാസ്റ്റ്യൻ കറുകപറമ്പിൽ എന്നിവർ പൗരോഹിത്യസ്വീകരണത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്നു. മെയ് 16, 1989-ാം തിയ്യതി അഭിവന്ദ്യ മാക്സ്‌വെൽ നൊറോണ പിതാവിന്റെ കൈവയ്പ്പ് ശുശ്രൂഷയാൽ ഇവർ വൈദികരായി അഭിഷിക്തരായി. ഫാ. ആൽഫ്രെഡ് രൂപത സോഷ്യൽസർവ്വീസ് സൊസൈറ്റി(ജീവന) ഡയറക്ടറും ഫാ. വിൻസെന്റ് രൂപത പ്രൊക്യുറേറ്ററും ഫാ. സെബാസ്റ്റ്യൻ മേപ്പാടി സെന്റ് ജോസഫ്സ് തീർത്ഥാടനകേന്ദ്രത്തിലെ വികാരിയുമാണ്.

ഈ വൈദികർക്ക് രൂപത അധ്യക്ഷന്റേയും രൂപതയിലെ ദൈവജനത്തിന്റേയും ആശംസകളും പ്രാർത്ഥനകളും നേരുന്നു.

# 2014 ജൂൺ 15 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ജൂൺ 15 ഞായറാഴ്ച കേരള സഭ 'ബൈബിൾ ഞായറായി' ആഘോഷിക്കുകയാണ്. അതിനുള്ള ഒരുക്കമായി ഇന്ന് നാം ബൈബിൾവാരം ആരംഭിക്കുന്നു.

നവസുവിശേഷവത്കരണം സംബന്ധിച്ച മെത്രാന്മാരുടെ 13-ാമത് ഓർഡിനറി സിനഡിന്റെ ഉൾക്കാഴ്ചകൾ സമാഹരിച്ച് ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച "സുവിശേഷത്തിന്റെ സന്തോഷം" എന്ന അപ്പസ്തോലികാഹ്വാനം നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമല്ലോ. "ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു" എന്ന സന്ദേശമാണ് ദൈവദൂതൻ 'സന്തോഷത്തിന്റെ സദ്വാർത്ത' എന്നു വിശേഷിപ്പിച്ചത് (ലൂക്കാ 2:10 -11). അതെ, യേശുക്രിസ്തു മനുഷ്യരുടെ രക്ഷകനാണ് എന്നതാണ് സുവിശേഷം. "സുവിശേഷത്തിന്റെ സന്തോഷം" എന്ന രേഖയിൽ മാർപാപ്പാ ആ സന്തോഷത്തിന്റെ കൈമാറൽ തന്നെയായ സുവിശേഷവത്കരണത്തെക്കുറിച്ചാണു പ്രതിപാദിക്കുന്നത്.

പ്രേഷിതദൗത്യത്തിന് അനിവാര്യമായ സഭാനവീകരണത്തെക്കുറിച്ചു പരാമർശിച്ചുകൊണ്ട് രേഖ ആരംഭിക്കുന്നു. സുവിശേഷവത്കരണയത്നങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ രണ്ടാമത്തെ അധ്യായത്തിൽ വിശകലനം ചെയ്തതിനുശേഷം, മൂന്നാമത്തെ അധ്യായത്തിൽ പ്രഘോഷണത്തെക്കുറിച്ച് ആഴമേറിയ ചിന്തകൾ പാപ്പാ പങ്കുവയ്ക്കുന്നു. സുവിശേഷവത്കരണത്തിന്റെ സാമൂഹികമാനം ചർച്ച ചെയ്യാൻ നാലാം അധ്യായം മുഴുവൻ നീക്കിവയ്ക്കുന്ന പാപ്പാ സുവിശേഷപ്രവർത്തകരുടെ പ്രചോദകശക്തിയെക്കുറിച്ചു പരാമർശിച്ചുകൊണ്ട് അപ്പസ്തോലികാഹ്വാനം അവസാനിപ്പിക്കുന്നു.

സുവിശേഷവത്കരണത്തിൽ വിശുദ്ധഗ്രന്ഥത്തിനുള്ള സ്ഥാനത്തെക്കുറിച്ച് ഫ്രാൻസിസ് പാപ്പാ നടത്തുന്ന പരാമർശങ്ങളെ അധികരിച്ച് ഏതാനും വിചിന്തനങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കാനാണ് ഈ

വർഷത്തെ ബൈബിൾ വാരത്തോടനുബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ആഗ്രഹിക്കുന്നത്.

## ബൈബിൾ സുവിശേഷവത്കരണത്തിന്റെ ഉറവിടം

"വിശുദ്ധലിഖിതങ്ങളാണ് സുവിശേഷവത്കരണത്തിന്റെ യഥാർത്ഥ ഉറവിടം" എന്ന് അപ്പസ്തോലികാഹ്വാനത്തിന്റെ 174-ാം ഖണ്ഡികയിൽ പാപ്പാ കുറിച്ചിരിക്കുന്നു. സുവിശേഷവത്കരണത്തിന് ഇന്ന് ബൈബിൾ അനിവാര്യമാണ് എന്നാണ് ആ വരികൾ വ്യക്തമാക്കുന്നത്. സുവിശേഷങ്ങളിലൂടെ ക്രിസ്തുജീവിതവും, അപ്പസ്തോലപ്രവർത്തനങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും വെളിപാടു ഗ്രന്ഥത്തിലൂടെയും സഭാജീവിതവും വിരചിതമായത് സുവിശേഷവത്കരണം ലക്ഷ്യമിട്ടുകൊണ്ടാണ്. "ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അവനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്" (യോഹ 20:31) എന്ന് വിശുദ്ധ യോഹന്നാൻ തന്റെ സുവിശേഷത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടല്ലോ. വിശുദ്ധ ലൂക്കായാകട്ടെ, തന്റെ രചനയുടെ ലക്ഷ്യമെന്തെന്ന് സുവിശേഷത്തിന്റെ ആമുഖത്തിൽ വ്യക്തമാക്കുന്നു: "അത് നിന്നെ പഠിപ്പിച്ചിട്ടുള്ള വചനങ്ങളുടെ വിശ്വസ്തതയെക്കുറിച്ച് നിനക്കു ബോധ്യം വരാനാണ്" (ലൂക്കാ 1:4). "ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം" എന്ന വാക്കുകളുമായാണ് വിശുദ്ധ മർക്കോസിന്റെ സുവിശേഷം ആരംഭിക്കുന്നത്. യേശുക്രിസ്തുവിന്റെ വംശാവലി വിവരണത്തോടെ ആരംഭിക്കുന്ന വിശുദ്ധ മത്തായിയുടെ സുവിശേഷം, യഹൂദമതത്തിന്റെ തുടർച്ചയും പരിപൂർത്തിയുമാണ് ക്രിസ്തുമതം എന്നു സ്ഥാപിക്കാനാണ് ശ്രമിക്കുന്നത്. യഹൂദരുടെ സുവിശേഷവത്കരണത്തിൽ ഏർപ്പെട്ടിരുന്നവരാണല്ലോ വിശുദ്ധ മത്തായിയും അദ്ദേഹത്തിന്റെ ശിഷ്യസമൂഹവും.

രക്ഷകനും നാഥനുമായി ഏവരും യേശുക്രിസ്തുവിനെ അംഗീകരിക്കാൻ വേണ്ടിയും, വിശ്വസിച്ചവരെ ക്രിസ്തുവിശ്വാസത്തിൽ ആഴപ്പെടുത്താൻ വേണ്ടിയും എഴുതപ്പെട്ടതാണ് പുതിയനിയമം. മറ്റു വാക്കുകളിൽ പറഞ്ഞാൽ, വിജാതീയരോടുള്ള പ്രഘോഷണവും വിശ്വാസികൾക്കുള്ള പരിശീലനവും ഉൾച്ചേരുന്ന സുവിശേഷവത്കരണ ലക്ഷ്യമാണ് ബൈബിളിനുള്ളത്.

## ബൈബിളും സുവിശേഷവത്കരണവും: ത്രിവിധ മാനങ്ങൾ

'ബൈബിൾ സുവിശേഷവത്കരണത്തിന്റെ ഉറവിടം' എന്ന പ്രയോഗത്തിൽ മൂന്ന് ആശയങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്നാമത്തേത്, സുവിശേഷവത്കരണത്തിന്റെ ഉള്ളടക്കം ബൈബിളിലെ ഉള്ളടക്കം തന്നെയാണ് എന്നതാണ് – അതായത്, യേശുക്രിസ്തുവിൽ ദൈവസ്നേഹം സമ്പൂർണമായി വെളിപ്പെട്ടിരിക്കുന്നു എന്ന സത്യം. അപ്പസ്തോലിക പ്രഘോഷണം പ്രാരംഭഘട്ടത്തിൽ ക്രിസ്താനുഭവത്തിൽ നിന്നു മാത്രം രൂപപ്പെട്ടതായിരുന്നെങ്കിൽ, ഇന്ന് അത് വിശുദ്ധഗ്രന്ഥാധിഷ്ഠിതമാണ്. രണ്ടാമത്തേത്, സുവിശേഷവത്കരണത്തിനുള്ള ക്ഷണം ബൈബിളിലൂടെ നമുക്കു ലഭിക്കുന്നു എന്നതാണ്. "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" എന്ന ക്രിസ്തുവിന്റെ കല്പന (മത്താ 28:19) വിശുദ്ധഗ്രന്ഥം നമുക്കു വച്ചുനീട്ടുന്നു. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!" എന്ന പൗലോസിന്റെ വചനവും നമ്മെ സുവിശേഷവത്കരണബാധ്യത അനുസ്മരിപ്പിക്കുന്നതാണ് (1കോറി 9:16). മൂന്നാമത്തേത്, വിശുദ്ധ ഗ്രന്ഥത്തോടുള്ള ആഭിമുഖ്യം നമ്മിൽ പ്രേഷിതതീക്ഷ്ണത ഉജ്ജ്വലിപ്പിക്കും എന്നതാണ്. സിറിയാക്കാർ തട്ടിക്കൊണ്ടുപോയ ഇസ്രായേൽ പെൺകുട്ടിയും (2രാജാ 5:3) വെള്ളം കോരാനെത്തിയ സമരിയാക്കാരി സ്ത്രീയും (യോഹ 4:39) സുഖപ്പെട്ട പിശാചുബാധിതനും (ലൂക്കാ 8:39) പെന്തക്കുസ്താനുഭവം സിദ്ധിച്ച ശിഷ്യരും (അപ്പ. 2:14-36; 3:6, 12-26; 4:8-12 etc.) നമ്മുടെ വായനാപഥത്തിലെത്തുമ്പോൾ തീർച്ചയായും അവരുടെ പ്രേഷിത തീക്ഷ്ണത നമ്മെ പ്രചോദിപ്പിക്കാതിരിക്കില്ല. യഹൂദ നേതാക്കളുടെ പീഡനഭീഷണിയുയർന്നപ്പോൾ ആദിമ ക്രൈസ്തവസമൂഹം നടത്തിയ പ്രാർത്ഥന അപ്പസ്തോലപ്രവർത്തനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കുക: "കർത്താവേ, അവരുടെ ഭീഷണികളെ അവിടന്നു ശ്രദ്ധിക്കണമേ. അവിടത്തെ പരിശുദ്ധദാസനായ യേശുവിന്റെ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്നതിനായി അവിടത്തെ കൈകൾ നീട്ടണമേ. അവിടത്തെ വചനം പൂർണധൈര്യത്തോടെ പ്രസംഗിക്കാൻ ഈ ദാസരെ അനുഗ്രഹിക്കണമേ!" (അപ്പ 4:29-30).

യേശുവിന്റെ ജീവിതവും പ്രബോധനങ്ങളും രക്ഷാകരപ്രവൃത്തിയും അപ്പസ്തോലന്മാരുടെ പ്രഘോഷണതീക്ഷ്ണതയും ആദിമസഭയുടെ സുവിശേഷപ്രഘോഷണ ചൈതന്യവും സുവിശേഷത്തിനുവേണ്ടി

അവർ ഏറ്റെടുത്ത സഹനങ്ങളുമെല്ലാം വിശുദ്ധഗ്രന്ഥോപാസകനെ സുവിശേഷപ്രഘോഷകനും സാക്ഷിയുമായിത്തീരാൻ പ്രചോദിപ്പിക്കുകതന്നെ ചെയ്യും. ശിഷ്യനിൽ നിന്നു പ്രേഷിതനിലേക്കുള്ള ദൂരം ഒരു വിശുദ്ധഗ്രന്ഥപ്രചോദനദൂരം മാത്രമാണ്! "ദൈവവചനവുമായുള്ള പരിചയം സുവിശേഷവത്കരണത്തിൽ അത്യന്താപേക്ഷിതമാണ്" എന്ന് 175-ാം ഖണ്ഡികയിൽ പാപ്പാ നടത്തുന്ന ഒരു പ്രസ്താവന ഇവിടെ ഏറെ പ്രസക്തമാണ്. സുവിശേഷവത്കരണത്തിന്റെ നിരന്തര പ്രചോദനവും ചാലകശക്തിയുമായി ബൈബിൾ എന്നും നിലകൊള്ളുന്നു.

## കേരളസഭയുടെ ബൈബിൾ സ്നേഹവും പ്രേഷിതതീക്ഷ്ണതയും

കേരളസഭ ഒരു പ്രേഷിതസഭയാണെന്ന് അഭിമാനപൂർവം പറയാൻ നമുക്കാകും. ലോകത്തിൽ നടക്കുന്ന സുവിശേഷവത്കരണശ്രമങ്ങളിൽ കൈരളിയുടെ കൈയൊപ്പ് തെളിഞ്ഞുകാണാവുന്നതാണ്. വിശുദ്ധഗ്രന്ഥസ്നേഹത്തിൽ സഭാമക്കൾ വളരുന്നതുകൊണ്ടാണ് സുവിശേഷവത്കരണത്തിലും കേരളസഭ വളരുന്നത്. നമ്മുടെ ബൈബിൾ സ്നേഹം രൂപപ്പെടുന്നതിൽ മുഖ്യപങ്കുവഹിച്ചിട്ടുള്ളത് കെ.സി.ബി.സി. ബൈബിൾ കമ്മീഷനും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുമാണെന്ന സത്യം സന്തോഷത്തോടെ അനുസ്മരിക്കുകയാണ്. 1976-ൽ രൂപീകൃതമായ ബൈബിൾ കമ്മീഷൻ 1977-ൽ തന്നെ പുതിയ നിയമത്തിന്റെ മലയാളം പരിഭാഷ പൂർത്തിയാക്കുകയും 1981-ൽ സമ്പൂർണ ബൈബിൾ തയ്യാറാക്കുകയും ചെയ്തു. 2012-ൽ പുതിയ നിയമത്തിന്റെ പരിഷ്കരിച്ച പതിപ്പു പുറത്തിറക്കാനും ബൈബിൾ കമ്മീഷനു കഴിഞ്ഞു. ഇവയുടെ ലക്ഷക്കണക്കിനു കോപ്പികൾ സഭാമക്കളിലെത്തിക്കാൻ സഹകരിച്ച പി.ഒ.സി.യോട് ബൈബിൾ കമ്മീഷനു കൃതജ്ഞതയുണ്ട്. 2005-ൽ ജീസസ് യൂത്തിന്റെ സഹായത്തോടെ നാം ഇന്റർനെറ്റ് ബൈബിൾ തയ്യാറാക്കി. 2011-ൽ മൊബൈൽ ഫോൺ ബൈബിളും 2013-ൽ കമ്പ്യൂട്ടർ ബൈബിളും നിലവിൽ വന്നു.

## ജൂബിലി നിറവിൽ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി

1990-ൽ സഭാമക്കളുടെ മുഴുവൻ പങ്കാളിത്തസാധ്യത ഉറപ്പുവരുത്തിക്കൊണ്ട് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സ്ഥാപിതമാകുകയും ബൈബിൾ പ്രേഷിതരംഗത്ത് വിപ്ലവകരമായ ചുവടുവയ്പു

കൾ നടത്തുകയും ചെയ്തു. ലോഗോസ് ക്വിസ് പോലെ അതുല്യമായ ബൈബിൾ പ്രേഷിതയത്നങ്ങൾ സംഘടിപ്പിക്കാൻ സൊസൈറ്റിക്കായി. കോളേജുകളിലും ജയിലുകളിലും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും വിശുദ്ധഗ്രന്ഥം എത്തിക്കാൻ ബൈബിൾ സൊസൈറ്റി കഴിവു പോലെ ശ്രമിച്ചിട്ടുണ്ട്. കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ഏറ്റവും പുതിയ സർഗാത്മക സംഭാവന ഓഡിയോ ബൈബിൾ ആണ്. സമ്പൂർണ്ണ ബൈബിളിന്റെ ഉന്നതനിലവാരമുള്ള ശ്രവ്യരൂപം ഇന്നു കേരളസഭയ്ക്കു സ്വന്തം. ഇക്കഴിഞ്ഞ കെ.സി.ബി.സി. സമ്മേളനത്തിൽ അതു പ്രകാശനം ചെയ്യാൻ നമുക്കു കഴിഞ്ഞു. സമ്പൂർണ ബൈബിൾ ശ്രവ്യരൂപത്തിൽ തയ്യാറാക്കാനായി അധ്വാനിച്ചതും നൂറുകണക്കിനു പ്രൊഫഷണലുകളെ ഏകോപിപ്പിച്ചതും ഒരു അല്മായ സഹോദരനും ഒരു കപ്പൂച്ചിൻ സന്ന്യാസവൈദികനും ചേർന്നാണെന്ന യാഥാർത്ഥ്യം കൃതാർത്ഥതയോടെ ഇവിടെ അനുസ്മരിച്ചുകൊള്ളട്ടെ. എല്ലാ സങ്കീർത്തനങ്ങൾക്കും സംഗീതാവിഷ്കാരം നല്കാൻ നമുക്കായി എന്നത് ഏറെ ചാരിതാർത്ഥ്യം നല്കുന്നു. സങ്കീർത്തനം പാടി ദൈവത്തെ സ്തുതിക്കുന്ന ഒരു സഭാസമൂഹത്തെ സ്വപ്നം കണ്ടുകൊണ്ടാണ് അതു നാം തയ്യാറാക്കിയിരിക്കുന്നത്. അന്ധർക്കുവേണ്ടിയുള്ള ബ്രെയ്‌ലി ബൈബിളും ഡയ്സി മൊബൈൽ ബൈബിളും നമ്മുടെ പദ്ധതിയിലുണ്ട്. ബൈബിൾ സംബന്ധിയായ ഈടുറ്റ ഗ്രന്ഥങ്ങളും ഇതിനോടകം പുറത്തിറക്കാൻ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിക്കു കഴിഞ്ഞിട്ടുണ്ട്.

2015 കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ രജതജൂബിലിക്കാലമാണ്. ദൈവത്തിനു നന്ദിപറയാനുള്ള കാലം; സൊസൈറ്റിയുടെ അംഗത്വവും പ്രവർത്തനങ്ങളും വിപുലീകരിക്കാനുള്ള കാലം. 2014 നവംബർ 30-ാം തീയതി പാലാരിവട്ടം പി.ഒ.സി.യിൽ വച്ച് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ജൂബിലിവർഷം ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്. ബൃഹത്തായ പല ബൈബിൾ സംരംഭങ്ങളും ജൂബിലിവർഷത്തിൽ ബൈബിൾ സൊസൈറ്റി ഏറ്റെടുക്കും. 25-ാം വാർഷികത്തോടെ 25,000 പേർ സൊസൈറ്റിയിൽ അംഗങ്ങളാകണം എന്നതാണു നമ്മുടെ സ്വപ്നം. എല്ലാ ഇടവകകളും കത്തോലിക്കാസ്ഥാപനങ്ങളും വിശ്വാസികളും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗത്വം എടുക്കണമെന്ന് ഞങ്ങൾ സ്നേഹബുദ്ധ്യാ ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ എല്ലാ ഇടവക വികാരിയച്ചന്മാരും

പ്രത്യേകം താത്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രൊമോട്ടർമാരാകാൻ തയ്യാറുള്ളവർക്ക് പി.ഒ.സി.യിലെ ബൈബിൾ സൊസൈറ്റി ഓഫീസിനെ സമീപിക്കാവുന്നതാണ്.

ബൈബിൾ കറസ്പോണ്ടൻസ് കോഴ്സും ജൂബിലി പ്രായത്തിലാണ്. 1989-ൽ ആരംഭിച്ച ഈ തപാൽ ബൈബിൾ പഠനകോഴ്സിൽ 10,000ത്തോളം പേർ പഠിതാക്കളായി ചേർന്നിട്ടുണ്ട്. അതിൽ 290 പേർ കോഴ്സു പൂർത്തിയാക്കി ഡിപ്ലോമ സർട്ടിഫിക്കറ്റു കരസ്ഥമാക്കിക്കഴിഞ്ഞു. ബൈബിൾ പഠനത്തിന് ഉചിതമായ എല്ലാമാർഗങ്ങളും സ്വീകരിക്കാൻ ഏവരെയും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

കഴിഞ്ഞവർഷം മുതൽ കേരള കാത്തലിക് മെത്രാൻ സമിതിയുടെ താത്പര്യപ്രകാരം ഡിസംബർ മാസം ബൈബിൾ പാരായണമാസമായി നാം ആചരിക്കുകയാണ്. വചനം അക്ഷരം ധരിച്ച വിശുദ്ധലിഖിതം എല്ലാ ഡിസംബർ മാസവും വചനം മാംസം ധരിച്ചവന്റെ തീവ്രസ്മരണയിൽ പരസ്യമായും സുന്ദരമായും പാരായണം ചെയ്യണമെന്ന് എല്ലാ കത്തോലിക്കാവിശ്വാസികളെയും വിശ്വാസീസമൂഹങ്ങളെയും ഞങ്ങൾ ഓർമിപ്പിക്കുന്നു. ജൂൺ 8-ാം തീയതി മുതൽ 14-ാം തീയതിവരെ ബൈബിൾ വാരമായും ജൂൺ 15-ാം തീയതി ബൈബിൾ ഞായറായും സഭ ആചരിക്കുകയാണ്. ഉചിതമാം വിധം ഇതാചരിക്കാൻ രൂപതകളും ഇടവകകളും കത്തോലിക്കാസ്ഥാപനങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബൈബിൾ ഉറവിടമാക്കിക്കൊണ്ടുള്ള സുവിശേഷവത്കരണത്തിൽ നമുക്ക് ആഴപ്പെടാം. കെ.സി.ബി.സി. ബൈബിൾകമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിനും വേണ്ടി ബൈബിൾഞായറാഴ്ചയിൽ നടത്തുന്ന ദിവ്യബലി മധ്യേയുള്ള പിരിവ് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഏവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹത്തോടെ,

**ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

# കുരിശിന്റെ വഴി



കോഴിക്കോട്: ദുഃഖവെള്ളിയാഴ്ച നഗരഹൃദയത്തിലൂടെ കോഴിക്കോട് മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തിയ കുരിശിന്റെ വഴിയിൽനിന്ന്.

കത്തീഡ്രൽ ദേവാലയത്തിൽനിന്നും ആരംഭിച്ച കുരിശിന്റെ വഴി സെന്റ് ജോസഫ്സ് ദേവാലയത്തിൽ സമാപിച്ചു. അഭിവന്ദ്യപിതാവ് സന്ദേശം നൽകി. മേഖലയിലെ വൈദികരും സന്യസ്തരും ദൈവജനവും ഉൾക്കൊള്ളുന്ന വലിയൊരു ജനാവലി ഭക്തിസാന്ദ്രമായ ഈ കർമ്മത്തിൽ പങ്കെടുത്തു.



## മലയാറ്റൂർ തീർത്ഥാടനയാത്ര സി.എൽ.സി.കോഴിക്കോട് രൂപത

കോഴിക്കോട് മേഖല സി.എൽ.സി. വിശുദ്ധവാരത്തിൽ മലയാറ്റൂർ കുരിശുമലയിലേക്ക് തീർത്ഥാടനം സംഘടിപ്പിച്ചു. രണ്ട് ബസ് നിറയെ സി.എൽ.സി. കുടുംബാംഗങ്ങൾ തീർത്ഥാടനത്തിൽ പങ്കെടുത്തു.



## ജോൺപോൾ രണ്ടാമൻ പാപ്പായുടെ വിശുദ്ധപദവിയും അമ്പലവയൽ തിരുഹൃദയ ദേവാലയവും

ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ തിരുശേഷിപ്പ് വഹിക്കുന്ന ചുരുക്കം ദേവാലയങ്ങളിൽ ഒന്നായ അമ്പലവയൽ തിരുഹൃദയദേവാലയത്തിൽ മാർപാപ്പയുടെ വിശുദ്ധപദവിയോടനുബന്ധിച്ച് നടത്തിയ തിരുകർമ്മങ്ങളിൽ പങ്കെടുക്കാനെത്തിയ ബിഷപ്പ് വർഗ്ഗീസ് ചക്കാലക്കലിന് വയനാട് അതിർത്തിയിൽനിന്നും രൂപതയിലെ യുവജനങ്ങൾ സ്വീകരണം നൽകി.





## സി.എൽ.സി. അംഗങ്ങളുടെ ത്യാഗോജ്ജ്വലമായ
## മലയാറ്റൂർ തീർത്ഥാടനം

പെരിന്തൽമണ്ണ: പെരിന്തൽമണ്ണ ലൂർദ് മാതാ തീർത്ഥാടന കേന്ദ്രത്തിലെ സി.എൽ.സി. അംഗങ്ങൾ ഒരു ദിവസം പൂർണ്ണമായി ഉപവസിച്ച് പ്രാർത്ഥിച്ച്, 270 കിലോഗ്രാം തൂക്കം വരുന്ന മരക്കുരിശും വഹിച്ച്, പെസഹാവ്യാഴാഴ്ച, കുരിശിന്റെ വഴിയായി മലയാറ്റൂർ തീർത്ഥാടനം നടത്തുകയുണ്ടായി. ത്യാഗത്തിന്റെയും സഹനത്തിന്റെയും രക്ഷാകര വഴികളിലൂടെ അവർ സ്നേഹപൂർവ്വം നടന്നു.



**മലയാറ്റൂർ തീർത്ഥാടനം, ഹോളി റെഡിമർ കെ.സി.വൈ.എം. യൂണിറ്റ്**

കെ.സി.വൈ.എം. അംഗങ്ങൾ തങ്ങളുടെ ആനിമേറ്റർ സിസ്റ്ററിനും മറ്റു സിസ്റ്റേഴ്സിനുമൊപ്പം ഏപ്രിൽ 14-ാം തിയ്യതി കുരിശു മലകയറി. വൈകുന്നേരം 6.30ഓടുകൂടി യാത്ര ആരംഭിച്ചു. ഏകദേശം 12.30 രാത്രിയോടുകൂടി കുരിശു മുടിയിലെത്തുകയും ഭക്തിനിർഭരമായി കുരിശിന്റെ വഴി ചൊല്ലിക്കൊണ്ട് യേശുനാഥന്റെ പീഡാനുഭവരഹസ്യം മനസ്സിൽ ധ്യാനിച്ച് പൊന്നിൽ കുരിശു മുത്തപ്പന്റെ മാധ്യസ്ഥ്യം നേടി അവർ കുരിശുമല കയറാൻ തുടങ്ങി. നിരവധി തീർത്ഥാടകർ ഇതിന് സാക്ഷിയായി. തോമാശ്ലീഹായുടെ പാദസ്പർശനത്തിൽ അനുഗ്രഹിക്കപ്പെട്ട



ഈ പുണ്യസ്ഥലത്ത് പ്രാർത്ഥനയിൽ വളരെയധികം സമയം ചിലവിട്ടു. അതിനുശേഷം വല്ലാർപാടം പള്ളിയിൽപോയി വല്ലാർപാടത്തമ്മയുടെ അനുഗ്രഹം തേടുകയും ചെയ്തു.

## നമുക്ക് അവിടുത്തെ ഉയിർപ്പിൽ പങ്കാളികളാവാം

കത്തീഡ്രൽ ദേവാലയത്തിൽ ഈസ്റ്റർ പാതിരാ കുർബ്ബാനയ്ക്ക് ശേഷം ഈസ്റ്റർ എഗ്ഗുകൾ പങ്കിടാൻ തിരക്കുകൂട്ടുന്നവർ.





## സെന്റ് സേവ്യേഴ്സ് കോളേജ്

### 3–ാം വാർഷികം (Xaveria-2014) ആഘോഷിച്ചു

സെന്റ് സേവ്യേഴ്സ് കോളജിന്റെ വാർഷികം ഏപ്രിൽ 24–ാം തിയ്യതി എരഞ്ഞിപ്പാലം പോൾ നഗർ ഗ്രൗണ്ടിൽ വെച്ച് ആഘോഷിച്ചു. യോഗത്തിൽ അഭിവന്ദ്യ ചക്കാലക്കൽ പിതാവ് അധ്യക്ഷത വഹിക്കുകയും, പ്രസിദ്ധ സിനിമാ- നാടക തിരക്കഥാകൃത്തായ പി.ആർ. നാഥൻ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. 2014 വർഷത്തെ കോളേജ് മാഗസീൻ (xzverian-2014) പി.ആർ.നാഥന് നൽകിക്കൊണ്ട് അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. പ്രസ്തുത പൊതുയോഗത്തിൽ രൂപതാ കോർപ്പറേറ്റ് മാനേജർ മോൺ. ഡോ. തോമസ് പനക്കൽ സ്വാഗതം ആശംസിക്കുകയും, കോളേജ് വാർഷിക റിപ്പോർട്ട് പ്രിൻസിപ്പൽ ഡോ.ജോസഫ് മാത്യു എസ്.ജെ. അവതരിപ്പിക്കുകയും ചെയ്തു. ഫാ. ജോൺസൺ അവരേവ് (ട്രഷറർ) വിൻസെന്റ് ജോൺ (പി.ടി.എ. പ്രസിഡണ്ട്) ലീനാകുമാരി (അധ്യാപക പ്രതിനിധി), നിവിൻ ജൂഡ് (യൂണിയൻ ചെയർമാൻ) തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഫാ.ജോസഫ് മാളിയേക്കൽ മെമ്മോ



റിയൽ എവർറോളിങ് ട്രോഫി, സ്പോർട്സിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ടീമിന് അഭിവന്ദ്യ പിതാവ് സമ്മാനിച്ചു. വിവിധ മേഖലകളിൽ പ്രാഗൽഭ്യം നേടിയ കുട്ടികൾക്ക് സ്കോളർഷിപ്പുകളും നൽകി. കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി നിഖിതാ ജോൺ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. തുടർന്ന് വിദ്യാർത്ഥികളുടെ രണ്ടു മണിക്കൂർ നീണ്ടുനിന്ന കലാവിരുന്നും ഉണ്ടായിരുന്നു.

## വചനനാളം-2014

സെന്റ് തോമസ് അക്വയ്നാസ് ദേവാലയത്തിൽ വചനനാളം ക്യാമ്പ് ഗംഭീരമായി ആഘോഷിച്ചു. രാവിലെ 8.30ന് ബൈബിൾ പ്രതിഷ്ഠയോടെ ആരംഭിച്ച ക്യാമ്പ് ഇടവക വികാരി ഫാ. ഔസേപ്പച്ചൻ ഉദ്ഘാടനം ചെയ്തു. പഞ്ചഗ്രന്ഥി എന്ന പേരിൽ അറിയപ്പെടുന്ന ബൈബിളിലെ അഞ്ചുപുസ്തകങ്ങളെക്കുറിച്ച്, മതാധ്യാപകരായ സി. ഫ്രാൻസിലിൻ, സെലിൻ ഡിക്രൂസ് ബിന്ദു റെക്സിൻ, റിയോൺ ആന്റണി, കൊർണീലിയ എന്നിവർ ചേർന്നു ക്ലാസ്സെടുത്തു. തീംസോങ്ങ് ഉൾപ്പെടെയുള്ള ഗാനങ്ങൾ പരിചയപ്പെടുത്തി. ഇടവേളകൾ കളികൾകൊണ്ട് രസകരമാക്കി. ഇടവക ജനത്തിന്റെ കൂട്ടായ്മയാണ് ഭക്ഷണക്രമീകരണം നടത്തിയത്. കുട്ടികൾക്കും ഇടവക ജനത്തിനും ക്യാമ്പ് വളരെ ഫലപ്രദമായ ഒരനുഭവമായി എന്ന അഭിപ്രായമാണ്. തുടർന്നും ഇതുപോലെയുള്ള ക്യാമ്പുകൾ ആവശ്യമാണെന്ന തീരുമാനത്തോടെ ക്യാമ്പ് സമാപിച്ചു.

കൊർണീലിയ ഹെൻട്രി.
(മതാധ്യാപിക)





# പ്രത്യാശ – 2014

## ജീവിതപങ്കാളി നഷ്ടപ്പെട്ട വനിതകളുടെ സംഗമം

അമ്പലവയൽ: കോഴിക്കോട് രൂപത വയനാട് മേഖല കുടുംബ പ്രേഷിത അപ്പോസ്തലേറ്റിന്റേയും സി.എസ്.എസിന്റെയും നേതൃത്വത്തിൽ വയനാട് ജില്ലയിലെ ഏകത്വ ജീവിതം നയിക്കുന്ന വനിതകളുടെ (വിധവകൾ) ഒത്തുവാസം ഏപ്രിൽ 26-ാം തിയ്യതി രാവിലെ 10 മണിക്ക് അമ്പലവയൽ തിരുഹൃദയ ദേവാലയത്തിൽ വെച്ച് നടത്തപ്പെടുകയുണ്ടായി. നൂറിലധികം വനിതകൾ പങ്കെടുത്ത പ്രസ്തുത സംഗമത്തിന് അമ്പലവയൽ തിരുഹൃദയ ദേവാലയത്തിലെ പാരിഷ് കൗൺസിൽ സെക്രട്ടറി ശ്രീ. കെ.വൈ.ജോർജ് സ്വാഗതം ആശംസിച്ചു. ഇടവക വികാരി ബഹു. ജോസ് പുള്ളിക്കത്തറ അച്ചൻ യോഗത്തിന് അധ്യക്ഷത വഹിക്കുകയും കോഴിക്കോട് രൂപതാ മാതൃസംഘടന ഡയറക്ടർ റവ.ഫാ.എ.ഡി. മാത്യു ഉദ്ഘാ





# ജന്മദിനാശംസകൾ

ഏപ്രിൽ 16 ന് ജന്മദിനം ആഘോഷിച്ച രൂപത വികാരി ജനറൽ മോൺ തോമസ് പനയ്ക്ക്ലച്ചന് ജന്മദിനത്തിന്റെ മംഗളങ്ങൾ നേരുന്നു.

ടന കർമ്മം നിർവഹിക്കുകയും ചെയ്തു. അമ്പലവയൽ വ്യാപാരി വ്യവസായി പ്രസിഡണ്ട് ശ്രീ. ഒ.വി.വർഗീസ് ക്രിസ്ത്യൻ കൾച്ചറൽ ഫോറം പ്രസിഡണ്ട് ശ്രീ. ജോസ്. മാത്യു എന്നിവർ ആശംസകളർപ്പിച്ചു. സി. എസ്.എസ്. കോഴിക്കോട് രൂപതാ പ്രതിനിധി ശ്രീമതി ജോളി ടീച്ചർ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

സിസ്റ്റർ ജോസ്ന യു.എം.ഐ. ഏകത്വ കുടുംബ ജീവിതത്തിലെ വെല്ലുവിളികളും, പരിഹാര മാർഗങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നയിച്ചു. ഏകത്വം അനുഭവിക്കുന്ന വനിതകളുടെ സാമൂഹിക, മാനസിക, വൈകാരിക ശാക്തീകരണത്തെക്കുറിച്ചും സ്ത്രീകളുടെ ഉന്നമനത്തിനായുള്ള സർക്കാർ, സർക്കാരിതര പദ്ധതികളെക്കുറിച്ചും പ്രസ്തുത സെമിനാറിൽ സംസാരിച്ചു.

ഉച്ചഭക്ഷണത്തിനുശേഷം വനിതകളുടെ സാമൂഹിക സാംസ്കാരിക വൈകാരിക, സാമ്പത്തിക പശ്ചാത്തലങ്ങളെ വിശദമാക്കാൻ സർവേ നടത്തി. തുടർന്ന് ദിവ്യകാരുണ്യ ആരാധനയും വി.ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ തിരുശേഷിപ്പ് വണക്കവും നടന്നു. ഈ സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്നേഹോപഹാരം നൽകി. സെമിനാറിൽ പങ്കെടുത്ത എല്ലാവർക്കും സംഘാടകർക്കും സിസ്റ്റർ ലീന കൃതജ്ഞത പ്രകാശിപ്പിച്ചു. ജീവിത പങ്കാളികളെ നഷ്ടപ്പെട്ട വനിതകളുടെ മാത്രമായ സംഗമത്തിന് മേഖല കുടുംബ പ്രേഷിത ഡയറക്ടർ ഫാ.ജിജു പള്ളിപ്പറമ്പിൽ നേതൃത്വം നൽകി.

# കരുണ സ്പെഷ്യൽ സ്കൂളിന് ഉന്നതവിജയം

2013-2014 അധ്യയനവർഷത്തിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിൽ മികച്ച വിജയം കരസ്ഥമാക്കാൻ കോഴിക്കോട് കരുണ സ്പീച്ച് ആന്റ് ഹിയറിങ് സ്കൂളിന് സാധിച്ചു. ദൈവകൃപയാൽ പതിവുപോലെ ഇരുപത്തിയൊന്നാം തവണയും നൂറുമേനി വിജയമണിഞ്ഞു എന്നതിനേക്കാളുപരി സംസ്ഥാനത്തൊട്ടാകെയുള്ള സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികളിൽ നാലുപേർക്ക് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കിട്ടിയതിൽ രണ്ടുപേർ കരുണ സ്കൂളിലെ വിദ്യാർത്ഥികളാണെന്നുള്ളതിൽ നമുക്ക് അഭിമാനിക്കാം.

ബധിരർക്കായി കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം 1978-ൽ ആരംഭിച്ചതാണ്. സംസ്ഥാനത്തിലെ ഏത് കോണിലും താമസിക്കുന്ന ഇത്തരക്കാർക്ക് സ്റ്റേറ്റ് സിലബസ് അനുസരിച്ച് പ്രീസ്കൂൾ മുതൽ 10-ാം ക്ലാസ്സുവരെ സൗജന്യ വിദ്യാഭ്യാസവും ഹോസ്റ്റൽ സൗകര്യങ്ങളും മറ്റു പഠനസാധ്യതകളും ഈ വിദ്യാലയത്തിൽ ലഭ്യമാണ്.







# BEATS - 2014

കോഴിക്കോട് രൂപത ഉന്നതവിദ്യാഭ്യാസ സമിതിയുടെ 'വിദ്യാദർശൻ' പദ്ധതിയുടെ ഭാഗമായി 10-ാം ക്ലാസ് വിദ്യാർത്ഥികൾക്കായി ദ്വിദിന ശിൽപശാല 'Beats 2014' ചുണ്ടേൽ സെന്റ് ജൂഡ്സ് പാരിഷ് ഹാളിൽ വെച്ച് നടക്കുകയുണ്ടായി.

വിദ്യാർത്ഥികളിലെ വ്യക്തിത്വ വികാസം, നേതൃത്വ പാടവം, പഠനനൈപുണ്യം എന്നിവ വളർത്തുന്നതിനാവശ്യമായ പരിശീലന ക്ലാസ്സുകൾ മാത്യു ഇമ്മാനുവൽ, ജെയ്സൺ, ജോസ് പള്ളത്ത് എന്നിവർ നയിച്ചു. കോഴിക്കോട് രൂപത ഉന്നത വിദ്യാഭ്യാസ സമിതി അംഗം ഫാ. ജിജു പള്ളിപ്പറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം സൗത്ത് വയനാട് ഫെറോന വികാരി വെരി. റവ.ഫാ. സെബാസ്റ്റ്യൻ കറുകപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. കോഴിക്കോട് രൂപത ഉന്നതവിദ്യാഭ്യാസ സമിതി സെക്രട്ടറി ഫാ.ജോൺസൺ അവരേവ് ശിൽപശാലയിലെ ക്ലാസ്സുകളെക്കുറിച്ച് ആമുഖ പ്രഭാഷണവും മലപ്പുറം ഫെറോന വികാരി വെരി. റവ.ഫാ. സെബാസ്റ്റ്യൻ കാരക്കാട്ട്, സെന്റ് ജൂഡ്സ് പാരിഷ് കൗൺസിൽ സെക്രട്ടറി ഷാജൻ മണിമല എന്നിവർ ആശംസകളും അർപ്പിച്ചു. ഫാ.മാർട്ടിൻ ഇലഞ്ഞിപ്പറമ്പിൽ സ്വാഗതവും ബ്രദർ ഷിബു നന്ദിയും പറഞ്ഞു. സെന്റ്. ജൂഡ്സ് ചർച്ച് വികാരി റവ.ഫാ. വിക്ടർ മെന്റോൺസ, രൂപത ഉന്നതവിദ്യാഭ്യാസ സമിതി അംഗം ശ്രീമതി ട്രീസ ലോപസ്, ചുണ്ടേൽ സെന്റ് ജൂഡ്സ് ചർച്ച് സഹ. വികാരി ഫാ. അനീഷ് പി.എം.ബ്രദർ റോയ്സൺ എന്നിവർ സന്നിഹിതരായിരുന്നു.



## സൗജന്യ നേത്രപരിശോധനയും തിമിര രോഗ നിർണ്ണയ ക്യാമ്പും

മേരിക്കുന്ന്: 2014 ഏപ്രിൽ 6-ാം തിയ്യതി ഞായറാഴ്ച മേരിക്കുന്ന് ഹോളി റെഡീമർ ചർച്ച് പാരീഷ് ഹാളിൽ വെച്ച് കെ.സി.വൈ.എം. മേരിക്കുന്ന് യൂണിറ്റിന്റെ നേതൃത്വത്തിൽ അൽസലാമ കണ്ണാശുപത്രി യുടെ സഹകരണത്തോടെ സംഘടിപ്പിച്ച സൗജന്യ നേത്ര പരിശോ ധനയും തിമിര രോഗ നിർണ്ണയ ക്യാമ്പും വിജയകരമായി നടത്തപ്പെ ട്ടു. ബഹുമാനപ്പെട്ട ഇടവക വികാരി ഫാ.ജെൻസൺ പുത്തൻവീട്ടിൽ ഉദ്ഘാടനം നിർവഹിച്ചു. ഒരു ഡോക്ടർ ഉൾപ്പെടെ പത്തംഗ സംഘം ആയിരുന്നു നേതൃത്വം നൽകിയത്. 8.30 ഓടുകൂടി അൽസലാമ ഐ ഹോസ്പിറ്റലിൽ നിന്നും ഡോക്ടറും സംഘവും എത്തുകയും ഏക



ദേശം 200 പേരോളം ആളുകൾ ക്യാമ്പിൽ പങ്കെടുക്കുകയും ചെയ്തു. സൗജന്യ പരിശോധനയും മരുന്നുകളും കണ്ണടകളും നൽകപ്പെട്ടു. കെ. സി.വൈ.എം. അംഗങ്ങളുടെയും വീടുകളിൽ നിന്ന് ചോറും കറികളും ഉണ്ടാക്കിക്കൊണ്ടുവന്ന് വിഭവസമൃദ്ധമായ സദ്യ സജ്ജീകരിച്ചു. മുപ്പ തോളംപേർ ഈ സദ്യ പങ്കുവെച്ചു. ഒരു മണിയോടുകൂടി ക്യാമ്പ് അവ സാനിച്ചു. ഇടവകാംഗങ്ങൾക്ക് പുറമെ പരിസരവാസികൾക്കും ഈ ക്യാമ്പ് പ്രയോജനപ്പെട്ടു.

## ഇൻഫന്റ് ജീസസ് ചർച്ച് നിലമ്പൂർ വിശുദ്ധവാരത്തിൽ

നിലമ്പൂർ ഇൻഫന്റ് ജൂസസ് പള്ളിയിലെ നോമ്പാചരണം ഇടവക സമൂഹത്തിനും ഇതര ക്രൈസ്തവ വിശ്വാസികൾക്കും ആത്മീയമായ ഉണർവും കൂട്ടായ്മയും വളർത്തുന്ന രീതിയിൽ ആയിരുന്നു. നോമ്പാചരണത്തിന്റെ ഭാഗമായി ആത്മീയ നവീകരണം ലക്ഷ്യംവെച്ചുകൊണ്ട് നാല് ആഴ്ചകളിൽ 'മാതൃകാ കുടുംബജീവിതം', 'യുവാക്കൾ സഭയുടെ ശക്തി', 'അനുഭവപൂർണമായ വാർദ്ധക്യകാലം' 'നന്മ വഴികൾ തുറക്കുന്ന കുഞ്ഞുമനസ്സുകൾ' എന്നീ വിഷയങ്ങളിൽ യഥാക്രമം റവ: ഫാ: തോമസ് പാനികുളം ആന്റോ മുരിങ്ങാത്തേരി, ജേക്കബ് കുമ്മിണി, വിൻസെന്റ് പേരേപ്പാടൻ എന്നിവർ ധ്യാന പ്രഭാഷണം നടത്തി. (Lenten talk) ഈ ധ്യാന പരിപാടി വിശ്വാസികളെ അതിന്റെ പൂർണ്ണാരൂപിയിൽ നയിക്കാൻ പ്രേരകമായി.

## തീർത്ഥാടനം

നോമ്പാചരണത്തോടനുബന്ധിച്ച് ഇടവക ജനങ്ങൾ നടത്തിയ വയനാട് തീർത്ഥാടനം ആത്മീയതയുടേയും കൂട്ടായ്മയുടേയും അനുഭവമായി. ചുണ്ടേൽ സെന്റ് ജൂഡ് ചർച്ച്, പള്ളിക്കുന്ന് ലൂർദ്ദ് മാതാ ചർച്ച്, തുടി ആദിവാസി സാംസ്കാരിക കേന്ദ്രം, ചേലോട്ട് എസ്റ്റേറ്റ് എന്നിവ സന്ദർശിച്ചു.

## ശാലോംമാത സന്ദർശനവും പങ്കുവെയ്ക്കലും

ഓശാന ഞായറാഴ്ച ഇടവകജനങ്ങൾ മഞ്ചേരി ശാലോം മാതഭവൻ, സ്ത്രീകൾക്കായുള്ള അഗതിമന്ദിരം (FSSH Sisters) സന്ദർശിച്ച് ജീവിതാനുഭവങ്ങൾ പങ്കുവെച്ചത് ഹൃദയസ്പർശിയായ അനുഭവമായിരുന്നു. ഇടവക ജനങ്ങളുടേയും അന്തേവാസികളുടേയും കലാപരിപാ





ടികളും അവരോടൊപ്പമുള്ള ചായസൽക്കാരവും സന്ദർശനത്തിന് ഊഷ്മളത പകർന്നു. അന്തേവാസികളുടെ ശുശ്രൂഷകൾക്കായി ഇടവകയുടെ സംഭാവന സുപ്പീരിയർ സിസ്റ്റർ മിനിക്ക് ഇടവകയിലെ മുതിർന്ന പൗരനായ ദേവസി കളത്തിലും പാരിഷ് സെക്രട്ടറി ആന്റണി ഡിക്കോത്തയും ചേർന്ന് കൈമാറി.

## വിശുദ്ധ വാരാചരണം

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ക്രൈസ്തവ ആചാരങ്ങളേയും കലകളും ഇളംതലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി ശ്രീ. ആന്റണി പുത്തൂർ, വരാപ്പുഴയുടെ നേതൃത്വത്തിൽ ഇടവകജനങ്ങൾക്കായി പുത്തൻപാനപാരായണ പരിശീലനവും തുടർന്ന് എല്ലാ വെള്ളിയാഴ്ചകളിലും തിരുകർമ്മങ്ങൾക്ക് ശേഷം പാനപാരായണവും നടത്തി. ഇത് ഒരു നവ്യാനുഭവമായിരുന്നു.

വിശുദ്ധ വാരത്തോടനുബന്ധിച്ചുള്ള തിരുസ്വരൂപ പ്രദക്ഷിണം (നഗരി കാണിക്കൽ) നിലമ്പൂരിലെ ക്രൈസ്തവ വിശ്വാസികൾക്ക് ഒരു പുത്തൻ അനുഭവമായിരുന്നു.

വിശുദ്ധവാര കർമ്മങ്ങൾക്ക് ഫാ. ജോസ് മാത്യു SJ, ഫാ. ജോസഫ് ഇടശ്ശേരി SJ, ഫാ. ബെൻസൻ സി.പി. എന്നിവർ വികാരിയച്ചനൊപ്പം നേതൃത്വം നൽകി.







മേരിക്കുന്ന് സി.എൽ.സി. യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവക ജനം ദുഃഖവെള്ളിയാഴ്ചയിൽ ഭക്തിസാന്ദ്രമായ കുരിശിന്റെ വഴി നടത്തി. യേശുവിന്റെ ജീവിതകാലഘട്ടത്തെ അനുസ്മരിപ്പിക്കുന്ന വേഷവിധാനങ്ങളും ചമയങ്ങളുംമായി നടത്തിയ കുരിശിന്റെ വഴി വേറിട്ടൊരനുഭവമായിരുന്നു.



അട്ടപ്പാടി ചുരത്തിലുടെ അഗളി– അട്ടപ്പാടി ഇടവക ജനം നടത്തിയ കുരിശിന്റെവഴിയിൽനിന്ന്

# "തോമസ് തട്ടകത്തച്ചൻ" സഭയെ ധന്യമാക്കിയ വൈദികശ്രേഷ്ഠൻ

ടോമി മങ്കുഴി
(വിശുദ്ധ കുരിശിന്റെ ദേവാലയം, പൂമല)

ദൈവത്തിന്റെ കൈയ്യൊപ്പു ചാർത്തിയ പൗരോഹിത്യത്തിന്റെ തിരുവസ്ത്രമണിഞ്ഞ് നീണ്ട 48 വർഷക്കാലം കൂദാശകൾ പരികർമ്മം ചെയ്തു യേശുനാഥനേയും സഭയേയും അളവറ്റു സ്നേഹിച്ചും ശുശ്രൂഷിച്ചും യാത്ര ചെയ്ത വന്ദ്യ പുരോഹിതനായ തോമസ് തട്ടകത്തച്ചൻ 2014 മാർച്ച് 30-ാം തിയ്യതി നിത്യതയുടെ ലോകത്തേക്ക് യാത്രയായി. ഏതാനും നാളുകൾക്കകം കടന്നുവരുന്ന 75-ാം ജന്മദിനം പൂമല വിശുദ്ധ കുരിശിന്റെ ദേവാലയത്തിലെ ഇടവകാ ജനവുമായി ആഘോഷിക്കുവാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന അവസരത്തിലാണ് മരണം അച്ചനെ മാടിവിളിച്ചത്.

1939 ഏപ്രിൽ 4-ാം തിയ്യതി മാള പള്ളിപ്പുറം ഇടവകയിൽ വറീത്-ത്രേസ്യാദമ്പതികളുടെ എട്ട് മക്കളിൽ 6-ാമത്തെ സന്താനമായി തോമസ് അച്ചൻ ജനിച്ചു. പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിനു ശേഷം അൾത്താര ബാലകൻമാരുടെ സംഘത്തിൽ ചേർന്നു. ദിവ്യബലിയിൽ ശുശ്രൂഷകനാകുകയെന്നത് ഏറെ പ്രിയപ്പെട്ട കാര്യമായിരുന്നതിനാൽ ഒരു ദിവസം പോലും പാഴാക്കാതെ നിത്യവും ദിവ്യബലിയിൽ സംബന്ധിക്കുമായിരുന്നു. അക്കാലത്ത് ലത്തീൻ ഭാഷയിലായിരുന്നു പുരോഹിതന്റെ ദിവ്യബലി അർപ്പിച്ചിരുന്നത്. ശുശ്രൂഷകർ കുർബാനയിലെ പ്രാർഥനകൾ ഏറ്റുചൊല്ലിയിരുന്നത് അതേ ഭാഷയിൽ തന്നെയായിരുന്നു. അതുകൊണ്ട് ലത്തീൻ ഭാഷയും ഗാനങ്ങളും ചെറുപ്രായത്തിൽ തന്നെ സ്വായത്തമാക്കുവാൻ അച്ചനുസാധിച്ചു.

തോമസ് അച്ചന്റെ ഇടവകയായ മാള സെന്റ് ആന്റണീസ് ദേവാലയ സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. എസ്.എസ്.എൽ.സി. വിദ്യാഭ്യാസത്തിനു ശേഷം കോഴിക്കോട് രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനത്തിനായി മംഗലാപുരം സെമിനാരിയിൽ ചേർന്നു. ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ആൾദോമരിയ പത്രോണി പിതാവാണ് അച്ചനെ വൈദിക പരിശീലനത്തിനായി മംഗലാപുരം സെമിനാരിയിലേക്കയച്ചത്. വൈദിക പരിശീലനത്തിനു ശേഷം 1966 ഡിസം

ബർ 4-ാം തിയ്യതി വരാപ്പുഴ രൂപതയുടെ കീഴിലായിരുന്നു ഗോതുരുത്ത് സെന്റ്, സെബാസ്റ്റ്യൻസ് ദേവാലയത്തിൽ വെച്ച് പത്രോണി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. 1968 ഏപ്രിൽ മാസം തലശ്ശേരി, ചാലിൽ സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ അസിസ്റ്റന്റ് വികാരിയായി സേവനം ആരംഭിച്ചു. ചിറക്കൽ മിഷനിലെ ശ്രേഷ്ഠമിഷനറിയായിരുന്ന വെരി. റവ. ഫാ.ജോസഫ് ടഫ്രേൽ, എസ്.ജെയുടെ അസി.വികാരിയായി നിയമിതനാകുക വഴി പൗരോഹിത്യ ജീവിതത്തിന്റെ തുടക്കത്തിൽതന്നെ സേവനതൽപരതയും, മിഷനറി തീഷ്ണതയും വളർത്തിയെടുക്കുവാൻ തട്ടകത്തച്ചനു കഴിഞ്ഞു. 1969ൽ പട്ടുവം ഹോളി ഫാമിലി ഇടവകയിൽ ക്രാന്തദർശിയായ മിഷനറി സുക്കോൾഅച്ചൻന്റെ എസ്. ജെയുടെ അസി. വികാരിയായി നിയമിതനായതും ദരിദ്രരുടെയും അഗതികളുടെയും പുനരുദ്ധാരണത്തിന് വഴിയൊരുക്കുവാൻ അച്ചന് ഏറെ പ്രോൽസാഹനമേകി.

1971 ൽ പിലാത്തറ വ്യാകുലമാതാ ദേവാലയത്തിന്റെയും, 1972ൽ മാതമംഗലം എസ്റ്റേറ്റിൽ മാനേജരായും 1975ൽ മാനന്തവാടി അമലോൽഭവ മാതാദേവാലയത്തിലും 1977-ൽ നീലേശ്വരം സെന്റ് പീറ്റേഴ്സ് ദേവാലയത്തിലും, 1984-ൽ പിലാത്തറ ഔവർ ലേഡി ഓഫ് ഡോളേഴ്സ് ദേവാലയത്തിലും, 1990-ൽ കോഴിക്കോട് കല്ലായി സെന്റ് പാട്രിക് ദേവാലയത്തിലും 1996ൽ പള്ളിക്കുന്ന് ലൂർദ് മാതാ ദേവാലയത്തിലും 2001-ൽ വൈത്തിരി സെന്റ് ജോസഫ്സ് ദേവാലയത്തിലും, 2003-ൽ കൽപ്പറ്റ തിരുഹൃദയ ദേവാലയത്തിലും 2009ൽ പൂമല വിശുദ്ധ കുരിശിന്റെ ദേവാലയത്തിലും നിയമിതനാകുകയും തന്റെ ദൗത്യം അതീവ താൽപര്യത്തോടെ നിർവഹിക്കുകയും ചെയ്തു. ഇടവകകളിൽ നിന്നും ഇടവകകളിലേക്കുള്ള പ്രയാണം തട്ടകത്തച്ചനെ സംബന്ധിച്ചിടത്തോളം ഒരു തീർത്ഥയാത്രയായിരുന്നു. ഇടവകകളിലെ കുറവുകൾ കണ്ടെത്തുകയും അത് പരിഹരിക്കുകയും ചെയ്യുകയെന്നത് ഒരു ദൗത്യമായി അച്ചൻ കരുതിപ്പോന്നു. ദേവാലയവും പരിസരങ്ങളും മനോഹരമാക്കുവാനും അച്ചൻ ഏറെ ശ്രദ്ധിച്ചിരുന്നു.

തലശ്ശേരി സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ നിന്നും ആരംഭിച്ച കർമ്മനിരതമായ തന്റെ പൗരോഹിത്യ ജീവിതം ഒരുത്തമനായ വൈദികശ്രേഷ്ഠന്റെ തലയെടുപ്പോടെ ഒത്തിരിയേറെ ഇടവകകളിലൂടെ സഞ്ചരിച്ച് സൗത്ത് വയനാട് മേഖലയിലെ പൂമല വിശുദ്ധ കുരിശിന്റെ

ദേവാലയത്തിൽ പരിസമാപ്തിയായി. അണമുറിയാത്ത ദൈവീക സ്നേഹം നിത്യപുരോഹിതനായ യേശുവിന്റെ കാൽചുവട്ടിൽ ജീവിതബലിയായി ഹോമിച്ചുകൊണ്ട് ആരംഭിച്ച തന്റെ പൗരോഹിത്യ ജീവിതം പൗരോഹിത്യ പദവിയോടുകൂടി തന്നെ അച്ചൻ ദൈവസന്നിധിയിൽ സമർപ്പിച്ചു.

വിവിധ അവസരങ്ങളിലായി സഭ ഏൽപിച്ച വിവിധങ്ങളായ ചുമതലകൾ ഒരു അർപ്പിതന്റെ പൂർണ്ണമായ  അനുസരണയോടെ നിർവ്വഹിക്കുവാനും, സേവനം ചെയ്ത ഇടവകകളിലൊക്കെയും കാരുണ്യപ്രവർത്തികൾ ചെയ്തുകൊണ്ട് ഇടവകജനതയുടെ സ്നേഹാദരവുകൾ പിടിച്ചുപറ്റുവാനും അച്ചന് സാധിച്ചു. ഏതവസരവും ആഘോഷമാക്കി മാറ്റുകയെന്നത്  അച്ചന് ഏറെ സന്തോഷവും പകരുന്ന  ഒന്നായിരുന്നു. പ്രത്യേകിച്ച് കൂദാശകളുടെ പരികർമ്മവേളകൾ. അച്ചന്റെ ഗാംഭീര്യമാർന്ന ശബ്ദവും, മധുരിമയാർന്ന ഗാനാലാപനവും അച്ചൻ അർപ്പിക്കുന്ന ദിവ്യബലികളെ ആഘോഷകരവും  ആനന്ദദായകവുമാക്കിയിരുന്നു. ആളൊഴിഞ്ഞ പള്ളിയും, പള്ളിയങ്കണവുമൊക്കെ അച്ചനെന്നും അരോചകമായി അനുഭവപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെയാണ് ആഘോഷങ്ങളുടെ കൂട്ടുകാരനാകുവാൻ അച്ചൻ ഏറെ ആഗ്രഹിച്ചു.

വളരെ ഹ്രസ്വമായ നമ്മുടെ ജീവിത  യാത്രയിൽ ഒരു  വ്യക്തി മറ്റൊരു വ്യക്തിയുടെ കഷ്ടതകളിൽ, ഇല്ലായ്മകളിൽ ഒരു കൈത്താങ്ങായി അവരുടെ വേദനകളിൽ അഭിഷേകതൈലവും ആയി മാറണം. ഇതാണ് തട്ടകത്തച്ചൻ നമുക്ക് നൽകുന്ന ജീവിതമാതൃക.

തികഞ്ഞ മരിയഭക്തനും, പരേതാത്മാക്കൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ഏറെ സമയം കണ്ടെത്തുകയും ചെയ്തിരുന്ന അച്ചന്റെ ആത്മാവ് സ്വർഗ്ഗീയാരാമത്തിൽ ഒരു പനിനീർപുഷ്പമായി ചുറ്റുമുള്ളവർക്ക് സുഗന്ധം പരത്തി നിത്യത പുൽകുന്നുണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. ശ്രേഷ്ഠമായ പൗരോഹിത്യ ജീവിതത്തിലൂടെ കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്തു കടന്നുപോയ “നല്ല സമരിയാക്കാരായ” പ്രിയങ്കരനായ തട്ടകത്തച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ എന്നും നമുക്ക് സ്മരിക്കാം. അച്ചന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കാനായി നമുക്ക് പ്രാർത്ഥിക്കാം.

## മതബോധന ദിനാഘോഷം: മേരിക്കുന്ന്

മേരിക്കുന്ന് ഇടവകയിൽ മതബോധനദിനം വിപുലമായി ആഘോഷിക്കുകയുണ്ടായി. വിവിധതരം മത്സരങ്ങളിലും കളികളിലും സമ്മാനർഹരായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. അതൊടൊപ്പം തന്നെ. ഇടവകയിൽനിന്ന് ഉന്നതവിദ്യാഭ്യാസം നടത്തുന്ന യുവാക്കളെ ഇടവക ആദരിക്കുകയും ചെയ്തു.



ഇടവകവികാരി ഫാ. ജെൻസൻ പുത്തൻവീട്ടിൽ പരിപാടികൾക്ക് നേതൃത്വം വഹിച്ചു.



# ഈശോയുടെ അമ്മ നമ്മുടെയും അമ്മ

സി. ആൽബിൻ മാത്യു എ.സി.

ഒരിക്കൽക്കൂടെ മരിയൻ ഗീതങ്ങളാലും വണക്കമാസ പ്രാർത്ഥന കളാലും അനുഗ്രഹീതമായ മെയ് മാസത്തിലാണ് നാം. യേശു തന്റെ സ്വന്തം അമ്മയെ നമ്മുടെ ഓരോരുത്തരുടെയും സ്വന്തം അമ്മയായി തന്നിരിക്കുന്നു. സൂര്യന്റെ തേജസ്സും നീലനിലാവിന്റെ ശാന്തയുമാർന്നൊ രമ്മ. സ്നേഹിക്കാൻ മാത്രം അറിയുന്ന, സ്നേഹിക്കാൻ മാത്രം പറയു ന്നൊരമ്മ.

ശാലോം മാസികയിൽ മാതാവിനെക്കുറിച്ചുള്ള ഒരു ലേഖനത്തിൽ ഇപ്രകാരം പറഞ്ഞുവെക്കുന്നു. സ്വന്തം അമ്മയെ തിരഞ്ഞെടുക്കാൻ ദൈവം നമുക്കൊരവസരം തന്നാൽ നാം എങ്ങനെയായിരിക്കും നമ്മുടെ അമ്മയെ വിഭാവനം ചെയ്യുക. സ്നേഹവും കാരുണ്യവും സ്ഫുരിക്കുന്ന മുഖമുള്ള സൗന്ദര്യവതിയായൊരമ്മ, വാത്സല്യം നിറഞ്ഞുനിൽക്കുന്നൊ രമ്മയെയായിരിക്കും നാം തിരഞ്ഞെടുക്കുക. നമുക്കാർക്കും നമ്മുടെ അമ്മമാരെ തിരഞ്ഞെടുക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ദൈവം നമുക്കായി മേൽപറഞ്ഞ ഗുണഗണമുള്ള അമ്മയെ തിരഞ്ഞെടുത്തുത ന്നു. ദൈവം അവളെ യുഗങ്ങൾക്കു മുമ്പുതന്നെ തിരഞ്ഞെടുത്തിരു ന്നു. എല്ലാവിധ പാപങ്ങളിൽ നിന്നും മോചിപ്പിച്ച് വിശുദ്ധീകരിച്ചിരു ന്നു. ഇനി നമ്മുടെ സ്വർഗ്ഗീയ അമ്മയെക്കുറിച്ച്, അവളുടെ ത്യാഗ പൂർണവും സ്നേഹനിർഭരവുമായ ജീവിതത്തെക്കുറിച്ച് നമുക്കൊന്ന് വിചിന്തനം ചെയ്യാം.

## പരിശുദ്ധ അമ്മ അനുസരണത്തിന്റെ മാതൃക

പ. അമ്മയെപ്പറ്റി ചിന്തിക്കുമ്പോൾ ദൈവപിതാവിനോടുള്ള മറിയ ത്തിന്റെ വിധേയത്വവും അനുസരണവും എടുത്തുപറയേണ്ടതാണ്. കന്യകയായൊരു പെൺകുട്ടിയോട് വിവാഹിതയാകുന്നതിനു മുമ്പ് നീ ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കുമെന്നും അവൻ അത്യുന്ന തന്റെ പുത്രനെന്ന് വിളിക്കപ്പെടുമെന്നും ദൈവദൂതൻ അറിയിക്കുന്നു.

മാനുഷിക ബുദ്ധിക്കും ശാസ്ത്രത്തിനും അഗ്രാഹ്യമായ കാര്യങ്ങൾ. പക്ഷേ തന്റെ പുത്രന്റെ മനുഷ്യാവതാരത്തിൽ പങ്കാളിയാകാൻ ഒരമ്മ യുടെ സഹായം ദൈവത്തിനാവശ്യമായിരുന്നു. അതിനാൽ ലോക സൃഷ്ടിക്കു മുമ്പേ തന്നെ മറിയത്തെ തന്റെ പുത്രന്റെ മാതാവാകാൻ കരുതിവെച്ചിരുന്നു. മറിയമാകട്ടെ ദൈവഹിതം തന്റെ ജീവിതത്തിൽ നിറവേറ്റാൻ സന്നദ്ധയുമായിരുന്നു. ഈ കാര്യങ്ങൾ പൂർണമായും മന സ്സിലാക്കാൻ കഴിവില്ലാതെ തന്നെ മറിയം യുക്തിക്ക് വിപരീതമായി സത്യമായ ദൈവവചനത്തെ വിശ്വസിച്ചു. ദൈവത്തെ അനുസരിച്ചു. അതുകൊണ്ടാണ് മറിയം എന്നും സത്യമായിരിക്കുന്നത്. അവളിലൂടെ ഭൂമിയിലെ സകല മാതൃത്വങ്ങളും സത്യമായിത്തീർന്നിരിക്കുന്നു. അമ്മ എന്ന അനുഭൂതി വിശ്വാസത്തെക്കാളുപരി നിത്യസനാതന സത്യമാ ണ്.

ദൈവത്തെയനുസരിച്ചപ്പോൾ സൗഭാഗ്യങ്ങൾ അവളുടെ ജീവിത ത്തിലേക്ക് കടന്നുവന്നു. ആദ്യം ലോകരക്ഷകന്റെ മാതാവായി പിന്നീട് സഭയുടെ മുഴുവന്റെയും മാതാവായി സ്വർഗലോക റാണിയായി ഉയർത്തപ്പെട്ടു. ദൈവത്തെയനുസരിക്കുമ്പോൾ, വിശ്വസിക്കുമ്പോൾ അവിടുന്ന് നമ്മുടെ ജീവിതത്തിൽ ഇടപെടും. ദൃശ്യയോഗ്യമായ മാറ്റ ങ്ങൾ വരുത്തും.

## പ. അമ്മ ശുശ്രൂഷയുടെ മാതൃക

വി.ലൂക്കായുടെ സുവിശേഷത്തിന്റെ ആദ്യഭാഗത്ത് സേവന തൽപ രയായ മറിയത്തെ നമുക്ക് ദർശിക്കാം. തന്റെ ചർച്ചക്കാരിയും വൃദ്ധയു മായ എലിസബത്ത് ഗർഭിണിയായ വിവരം ദൈവദൂതനിൽ നിന്ന് അറി ഞ്ഞപ്പോൾ അവരെ ശുശ്രൂഷിക്കാനായി മറിയം പുറപ്പെടുന്നു. ആർക്കാണോ തന്റെ സഹായം ആവശ്യമെന്ന് വ്യക്തമായി മറിയത്തി നറിയാമായിരുന്നു. മറിയത്തിന്റെ ആവശ്യപ്രകാരം കാനായിലെ കല്യാ ണവീട്ടിൽ വീഞ്ഞ് തീർന്നപ്പോൾ ഈശോ അത്ഭുതം പ്രവർത്തിക്കു ന്നു. തന്റെ സഹായം ആവശ്യമുള്ളവരെയൊന്നും അമ്മ തള്ളിക്കളയു കയില്ല എന്നതിന്റെ തെളിവാണിത്. ഇന്നും പരിശുദ്ധ അമ്മ തന്റെ സഹായ ഹസ്തങ്ങൾ നീട്ടിക്കൊണ്ട് നമ്മുടെ ചാരെയാണ്. തിരുസ ഭയെ സംരക്ഷിക്കുവാൻ തന്റെ തിരുക്കുമാരനോട് ആവശ്യപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു.

## സഹനത്തിന്റെ അമ്മ

പരിശുദ്ധ അമ്മ സഹനത്തിന്റെ അമ്മയെന്നും വിളിക്കാം. യേശുവിന്റെ ജനനത്തിനു മുമ്പുതന്നെ മറിയത്തിന്റെ സഹനങ്ങൾക്ക് ആരംഭം കുറിക്കപ്പെട്ടു. പൂർണ്ണ ഗർഭിണിയായിരിക്കെ നസ്രത്തിൽ നിന്ന് ബത്‌ലഹേമിലേക്കുള്ള യാത്ര. പ്രസവസമയമടുത്തപ്പോൾ സത്രത്തിൽ ഇടം ലഭിക്കാതെ കാലിത്തൊഴുത്തിൽ തന്റെ കടിഞ്ഞൂൽ പുത്രന് ജൻമം നൽകേണ്ടിവരുക, അതുകഴിഞ്ഞ് അവനെയും കൊണ്ട് ഈജിപ്തിലേക്കുള്ള പലായനം. പിന്നീട് യൗസേപ്പിതാവിന്റെ മരണം, മകന്റെ പരസ്യജീവിതകാലത്ത് അവന് ഭ്രാന്താണെന്ന് പറയുന്ന ജനങ്ങളുടെ പരിഹാസം, ഇതിന്റെയെല്ലാം പരിസമാപ്തിയെന്നപോലെ കാൽവരിയിലേക്കുള്ള വിലാപയാത്ര. ആദ്യമായി തന്റെ ഓമന പുത്രനെ സന്തോഷത്തോടേന്തിയ കരങ്ങളിൽ തന്നെ അവന്റെ ജീവനറ്റ ശരീരം എടുക്കുക എത്ര ഹൃദയഭേദകമായ രംഗങ്ങൾ. ദൈവതിരുമനസ്സിനു കീഴ്പെടാൻ തീരുമാനിച്ച മറിയം ഈ സഹനങ്ങൾ തന്റെ ഹൃദയത്തിൽ സ്വീകരിക്കുന്നു. ഇന്നും സഹനങ്ങൾ ഏറ്റുവാങ്ങുന്ന മാതൃത്വങ്ങൾക്ക്, സ്ത്രീത്വങ്ങൾക്ക് തുണയായി, കരുത്തായി അമ്മ നിൽക്കുന്നു. മാതാവിന്റെ സഹനങ്ങളെക്കുറിച്ച് നമുക്കും അല്പസമയം ധ്യാനിക്കാം അമ്മയുടെ തിരുക്കുമാരനെ നമ്മുടെ പാപങ്ങളാൽ വേദനിപ്പിക്കാതിരിക്കാൻ ശ്രമിക്കാം.

ഫ്രാൻസീസ് പാപ്പയുടെ അപ്പസ്തോലിക ആഹ്വാനമായ സുവിശേഷത്തിന്റെ ആനന്ദത്തിന്റെ അവസാന ഭാഗത്ത് (ഖണ്ഡിക 285) പരിശുദ്ധ മറിയത്തെ തന്റെ ജനത്തിനുള്ള യേശുവിന്റെ സമ്മാനമാണ് എന്ന് പറയുന്നു. ഈ ലോകജീവിതം ഫലപ്രദമായി ജീവിച്ചുതീർക്കാൻ ഒരമ്മയുടെ കരുതൽ നമുക്കാവശ്യാണെന്ന് യേശുവിന്നറിയാമായിരുന്നു. അതിനാൽ അവിടുന്ന് സ്വന്തം അമ്മയെ നമുക്ക് മാതാവായിതന്നു. മാതാവിന്റെ വണക്കത്തിനായി പ്രത്യേകമായി മാറ്റിവെക്കപ്പെട്ട ഈ മെയ് മാസത്തിൽ അമ്മയോടു പ്രാർത്ഥിക്കുന്നതോടൊപ്പം അമ്മയുടെ ജീവിത മൂല്യങ്ങളും നൻമയും നമ്മുടെ ജീവിതത്തിലും പ്രാവർത്തികമാക്കാനായി ശ്രമിക്കാം, പ്രാർത്ഥിക്കാം.



## ചേലോട് എസ്റ്റേറ്റിൽ തൊഴിലാളി ദിനാഘോഷം

ചുണ്ടേൽ: കോഴിക്കോട് രൂപതയുടെ വയനാട്ടിലുള്ള ചേലോട് ടീ ആന്റ് കോഫി എസ്റ്റേറ്റിൽ തൊഴിലാളി ദിനം സാഘോഷം കൊണ്ടാടി. 250-ൽ അധികം തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളുമുള്ള എസ്റ്റേറ്റിൽ തൊഴിലാളി ദിനത്തോടനുബന്ധിച്ച് ഫുട്ബാൾ, വനിത-പുരുഷ കബടി മൽസരങ്ങളും ഓരോ പ്രായക്കാർക്കായി വിവിധയിനം കായിക മൽസരങ്ങളും സംഘടിപ്പിച്ചു. വിജയികൾക്ക് എസ്റ്റേറ്റ് മാനേജർ ഫാ. ജിജു പള്ളിപ്പറമ്പിൽ സമ്മാനദാനം നടത്തി. ഉച്ചക്ക് നൽകിയ സ്നേഹവിരുന്നിൽ 500ൽപരം പേർ പങ്കെടുത്തു. മെയ്ദിനാഘോഷം സൗഹൃദം ആഴപ്പെടുത്തുവാനും ബന്ധങ്ങൾ ഊട്ടിഉറപ്പിക്കാനും കഴിവുകൾ പ്രകടമാക്കാനുള്ള നല്ല വേദിയായി മാറി.



ലേഖനം

# വിശ്വാസ നൈർമല്യത്തിലേക്കുള്ള തിരിച്ചുവരവ്

ഫാ. സജീവ് വർഗ്ഗീസ്

നമ്മുടെ ജീവിതം ഒരു പ്രയാണമാണ്. ഇന്നിന്റെ പരിവേദനങ്ങളിൽനിന്ന് നല്ല നാളുകളിലേയ്ക്ക്, എന്നിൽനിന്ന് ഈശ്വരനിലേക്കും. "ഈ പ്രയാണത്തിൽ ഞാനാരുടെയോ കരം പിടിച്ചാണ് നടക്കുന്നതെന്ന ബോധ്യത്തെ വിളിക്കുന്ന പേരാണ് വിശ്വാസം." എന്റെ വിജയങ്ങളിലും എന്റെ വിഹ്വലതകളിലും കൂട്ടിരിക്കാനും കൂടെ നടക്കാനും ഒരുവനുണ്ടെന്ന തിരിച്ചറിവാണ് എന്നെ വിശ്വാസിയാക്കി മാറ്റിയത്. കൂടെ നടക്കുന്നവനിലുള്ള ആശ്രയത്വബോധം കൈമോശം വരുമ്പോഴാണ് ഇടർച്ചയുണ്ടാകുന്നത്. ഇതുതന്നെയാണ് കർത്താവിനെ കണ്ട് കടലിലേയ്ക്ക് എടുത്തുചാടിയ പത്രോസിനും സംഭവിച്ചത്.

ഇടർച്ചകളും പതർച്ചകളും മനുഷ്യന്റെ സന്തതസഹചാരിയാണ്. എങ്കിലും വിശ്വാസത്തിന്റെ വെളിച്ചമുള്ളവൻ പേമാരിക്കപ്പുറത്ത് ദൃശ്യമാകുന്ന മഴവില്ലിനെ സ്വപ്നം കാണുന്നു. ഇവർക്കേ പ്രക്ഷുബ്ധമായ തീരത്തിനപ്പുറത്തെ ആഴക്കടലിന്റെ ശാന്തതയെ ധ്യാനിക്കാവൂ. ഈ കാലഘട്ടത്തിൽ വിശ്വാസത്തെ ഉരകല്ലിൽ ഉരച്ചുനോക്കി തിളക്കവും മാറ്റും വർദ്ധിപ്പിക്കാനുള്ള അവസരമായി ഉപയോഗിക്കുക. വിശ്വാസം അനശ്വരമായ ആശ്വാസത്തിലേയ്ക്കാണ് വഴി നടത്തുന്നത് എന്നത് ഹൃദയത്തിൽ പറഞ്ഞുറപ്പിക്കേണ്ടതാണ്. യോഹന്നാന്റെ സുവിശേഷം 3-ാം അധ്യായം 16-ാം വാക്യം അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. എന്നിട്ടും ആ ദിവ്യസ്നേഹത്തിൽ നിന്നകന്ന് ആധുനികതയുടെ അന്ധകാരത്തിലേക്ക് ഹൃദയം നൽകി സ്നേഹിച്ചവനെ തിരസ്ക്കരിക്കുന്നത് വലിയ അപരാധമാണെന്ന് തിരിച്ചറിയണം. ചവിട്ടിത്താണ്ടിയ വഴിവിട്ട് ക്രിസ്തുമാർഗ്ഗത്തിലേയ്ക്കാണ്, ആദിമസഭയിലുണ്ടായിരുന്ന വിശ്വാസ ചൈതന്യത്തിലേയ്ക്കാണ് തിരിച്ചുവരേണ്ടത്.

**അതിനായ് അനുദിന ജീവിതത്തിൽ പ്രായോഗികമാക്കേണ്ട ചില വസ്തുതകൾ.**

### 1. വചനത്തിന്റെ നിറവിലേക്കുള്ള തിരിച്ചുവരവ്

മാംസം ധരിച്ച വചനം നിത്യരക്ഷയ്ക്ക് ദൈവം നൽകുന്ന സന്ദേശമാണ്. ഹൃദയത്തിൽ ഈശ്വരാവബോധത്തെ സ്ഫുടം ചെയ്യാൻ വചനത്തിന്റെ നിറവിലേയ്ക്ക് നാം എത്തേണ്ടതാണ്. വചനം ധ്യാനിക്കുവാനോ വചനത്തിന്റെ ആഴവും വ്യാപ്തിയും മനസ്സിലാകാതെ അവന്റെ സ്വാർത്ഥപരമായ ആഗ്രഹങ്ങൾക്കുവേണ്ടി മാത്രം ആഗ്രഹിക്കുമ്പോൾ ജീവനുള്ള വചനം അവനിൽ വളരുവാനുള്ള ഇടം ലഭിക്കാതെ പോകുന്നു. വചനം വളർത്തി വലുതാക്കിയ അബ്രഹാമിന്റേയും പരി. കന്യകാമറിയത്തിന്റേയുമെല്ലാം ജീവിതം ഒരു മാതൃകയാക്കി വചനത്തിൽ വിശ്വസിച്ച് വചനം വീടുകളിൽ വായിക്കുകയും ധ്യാനിക്കുകയും വളർന്നുവരുന്ന തലമുറകൾക്ക് വചനാധിഷ്ഠിതമായ ജീവിതപശ്ചാത്തലം ഒരുക്കുകയും വേണം.

### 2. കുരിശിന്റെ തണലിലേക്ക്

കാൽവരിയിലെ കുരിശ് ഒരോർമ്മപ്പെടുത്തലാണ്. ഒരപ്പന്റെ സ്നേഹത്തിന്റെ ആഴം അതുകൊണ്ടാണ് മാർട്ടിൻ ലൂഥർ കിംഗ് പറഞ്ഞുവയ്ക്കുന്നത്. "മരക്കുരിശ് ദൈവസ്നേഹത്തിന്റെ ദൂരദർശിനിയാണ്" എന്ന്. ഭവനത്തിന്റെ ഭിത്തിയിലും കമ്പ്യൂട്ടറിന്റെ ഡസ്ക്ടോപ്പിലും കഴുത്തിലും മരക്കുരിശിനെ പതിപ്പിക്കുന്നതിലല്ല, ആ മരക്കുരിശിൽ മരിച്ചവന്റെ ജീവിതത്തിലേയ്ക്ക് വിശ്വാസത്തോടെ നടന്നടുക്കുവാൻ സഹായിക്കുന്ന ഒരു വിശുദ്ധ ചിഹ്നമായി കുരിശിനെ കാണുവാൻ നമ്മുടെ മിഴികൾക്കും ഹൃദയത്തിനും കഴിയണം. കുരിശ് ആത്മാവിനെ ആർദ്രമാക്കുന്ന നിത്യതയുടെ മുദ്രവഹിക്കുന്ന ഒരു വഴികാട്ടി. കുരിശിനെ സ്നേഹിക്കാൻ പഠിപ്പിക്കുമ്പോൾ മാത്രമാണ് അനുദിന ജീവിതത്തിലുള്ള സഹനങ്ങളും ദുഃഖങ്ങളുമൊക്കെ നമുക്കു തരണം ചെയ്യാൻ സാധിക്കുകയുള്ളൂ. കുരിശ് സ്നേഹമുള്ള ഒരപ്പന്റെ നീട്ടിപ്പിടിച്ച കരങ്ങളാണ് എന്ന് മനസ്സിലാക്കിയാൽ മാത്രമേ നമ്മൾക്കെല്ലാവർക്കും ആ ദിവ്യസ്നേഹത്തിന്റെ തണലിലേക്ക് നടന്നുവരാൻ സാധിക്കൂ. അങ്ങനെ കാണുവാൻ വിശ്വാസത്തിന്റെ ഒരു ജിഹ്വ എന്നിൽ തെളി

യേണ്ടിയിരിക്കുന്നു. അതിനായ് ആ മരക്കുരിശിന്റെ കീഴിലേയ്ക്ക് നടക്കാം അധരത്തിൽ ജപമന്ത്രണങ്ങളുമായി.

## 3. ദിവ്യകാരുണ്യത്തിന്റെ തിരുസാന്നിധ്യത്തിലേക്ക്

സ്നേഹം അപ്പമായി മാറിയതാണ് ദിവ്യകാരുണ്യം. അലിവിന്റെ അൾത്താരയിൽ ദിവ്യ ഔഷധമായിത്തീരുകയാണ് ദിവ്യകാരുണ്യം. ആധുനികലോകം ദിവ്യകാരുണ്യത്തോടുള്ള ആദരവ് കുറഞ്ഞുവരുന്നതായി പല സംഭവങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ചിലർ ദിവ്യകാരുണ്യം കൈയിൽ സ്വീകരിച്ച് പണത്തിനായ് വിൽക്കുന്നു. ആധുനിക ലോകത്തിലെ യൂദാസുകളാണിവർ. ഒപ്പമായിരിക്കുവാനാണ് അവിടുന്ന് അപ്പമായിത്തീർന്നത്. ആ ദിവ്യസ്നേഹത്തിലേയ്ക്ക് തിരിച്ചുപോയേ മതിയാകൂ. കാൽവരിയിൽ ചിന്തിയ രക്തത്തുള്ളികൾ ലോകം കാണിക്കുന്ന നിന്ദകേടിന് ശിക്ഷ വിധിക്കുന്നതിന് മുമ്പ് അന്യന്റെ നൊമ്പരങ്ങൾ ഒപ്പിയെടുക്കുന്ന ആ ദിവ്യകാരുണ്യത്തിലേയ്ക്ക് തിരിച്ചുവന്ന് വിശ്വാസത്തിന്റെ പാത നമ്മൾക്കു വെട്ടിയൊരുക്കാം.

## ഉപസംഹാരം

വിശ്വാസത്തിന്റെ പ്രകാശിക്കുന്ന പ്രഘോഷകരാകാനാണ് തിരുസഭ നമ്മെ വിളിക്കുന്നത്. വിശ്വാസമുള്ളവർക്കേ വിശുദ്ധ സഭയിൽ അംഗമാകുകയുള്ളൂ. അനുദിന ജീവിതത്തിൽ പലരും വിശ്വാസത്തെ ജീവിതമാർഗ്ഗമായിട്ടാണ് കാണുന്നത്. രൂപത സ്കൂളിൽ ജോലി കിട്ടാനും സ്ഥാനമാനത്തിനും വേണ്ടിയാണ് പലരും വിശ്വാസത്തിന്റെ പേരിൽ കൂദാശകളിൽ പങ്കെടുക്കുന്നത്. ഇതു പോര, വിശ്വാസത്തെ ജീവിതമായാണ് നാം കാണേണ്ടത്. ഉദാ: ഫ്രാൻസിസ് മാർപാപ്പയുടെ ജീവിതശൈലികൾ അതുതന്നെയാണ് പഠിപ്പിക്കുന്നത്. വിശ്വാസത്തെ ഊട്ടിയുറപ്പിക്കാൻ വചനത്തിന്റെ നിറവിലേയ്ക്കും കുരിശിന്റെ തണലിലേയ്ക്കും ദിവ്യകാരുണ്യനാഥന്റെ തിരുസാന്നിദ്ധ്യത്തിലേക്കും വരേണ്ടിയിരിക്കുന്നു. അനുദിനജീവിതത്തിൽ അതിനായ് നമുക്കു പ്രയത്നിക്കാം.

# Sunday SCHOLARSHIP EXAM – RANK HOLDERS

| Std | Rank | Name | Parish |
|---|---|---|---|
| I | 1 | Adeline Jason | Mother Of God Cathedral |
| | 2 | Hridya Terese Richard | St Theresa's Shrine ,Mahe |
| | 3 | Niran Joy | Perpetual Succour Church ,Panamaram |
| II | 1 | Devika M | St Michael's Church ,Westhill |
| | 2 | Asher Nikson | Immaculate Conception Church, Mananthavady |
| | 3 | Salvi Maria Lawrence | Immaculate Conception Church, Mananthavady |
| III | 1 | Nile Thomas | St Joseph's Church ,Malappuram |
| | 2 | Abel Jude James | St Joseph's Church ,Malappuram |
| | 3 | Heba Marry Jaimon | St Thomas Acquinas Church, Thenhipalam |
| IV | 1 | Annie Susmin | Sacred Heart Church ,Kalpetta |
| | 2 | Jeevan D'silva | Holy Cross Church ,Poomala |
| | 3 | Anjana Babu | St Joseph's Church ,Vythiri |
| V | 1 | Maria jovita | St Michael's Church ,Westhill |
| | 2 | Riya Fernandez | St Sebastian's Church ,Vadakara |
| | 3 | Nichol Joseph | Lourdh matha Shrine , Perinthalmanna |
| VI | 1 | Ann maria | Holy Redeemer Church,Marikunnu |
| | 2 | Milan Sebastian | Sacred Heart Church ,Kalpetta |
| | 3 | Leona Lawrance | Holy Redeemer Church,Marikunnu |
| VII | 1 | Alenta Devassy | St Jude's Shrine , Chundale |
| | 2 | Aleena VS | Infant Jesus Church ,Nilambur |
| | 3 | Lena Elezabath | St Joseph's Church ,Vythiri |
| VIII | 1 | Greeshma Antony | St Jude's Shrine , Chundale |
| | 2 | Mary Nidhuna Xavier | Holy Cross Church ,Poomala |
| | 3 | Aleena Shaji | Holy Cross Church ,Poomala |

| | | | |
|---|---|---|---|
| IX | 1 | Rajna Silvester | St Joseph's Church ,Pilakavu |
| | 2 | Sandra Shibu | Holy Cross Church ,Poomala |
| | 3 | Mary Peter | St Joseph's Church ,Malappuram |
| X | 1 | Cleena Cleatus | St Joseph's Church ,Malappuram |
| | 2 | Liji Kalathil | St Antony's Church,Tholpetty |
| | 3 | Johith Joy | Holy Cross Church,Manjeri |
| **BIBLE CLASS** | | | |
| | 1 | Anju Laser | St Joseph's Church ,Pilakavu |
| | 2 | Rijo Johnson | St Joseph's Church ,Pilakavu |
| | 3 | Jincy George | Lady Immaculate Church,Ottapalam |
| **UNIVERSITY EXAM RANK HOLDERS** | | | |
| HCC I | 1 | Josna Lawrence | Immaculate Conception Church, Mananthavady |
| | 2 | Shelciya Michael | St Joseph's Church Calicut |
| | 3 | Riya Mathew | St Joseph's Church Calicut |
| HCC II | 1 | Brenda Gomes KJ | St Sebastian's Church,Badagara |
| | 2 | Dayana Antony | Lourdh Matha Church,Pallikkunnu |
| | 3 | Tesly George | Immaculate Heart Of Mary Church,Pambra |

## DAILY SCHOLARSHIP EXAM – RANK HOLDERS

| Std | Rank | Name | School |
|---|---|---|---|
| I | 1 | Diya Biju | St Gemma's GHSS ,Malappuram |
| | 2 | Amal Charly | Holy Infant Mary's UPS ,Vythiri |
| | 3 | Ann Mary Shanty | Holy Infant Mary's UPS ,Vythiri |
| II | 1 | Kevin Sebastian | Presentation HSS Perinthalmanna |
| | 2 | Joanna Tony | Providence Junior school ,Calicut |
| | 3 | Aleena Siju | Marianad ALPS ,Pambra |
| III | 1 | Heba Mary J | St Pauls EMHSS ,Thenhipalam |
| | 2 | Lis Maria | St Joseph's Convent School ,Kalpetta |
| | 3 | Angel Rose Mannuel | St.Antony's Junior EM School,Vadakara |
| IV | 1 | Isha Angel Joshy | St Gemma's GHSS ,Malappuram |

| | | | |
|---|---|---|---|
| | 2 | Diya Rose Thomas | St Joseph's Convent School ,Kalpetta |
| | 3 | Josna Maria | St Joseph's AIGHSchool , Calicut |
| V | 1 | Abby Jasmine Varghese | St Antony's GHS Vatakara |
| | 2 | Danil Binoy M | Presentation HSS Perinthalmanna |
| | 3 | Nichol Joseph | Presentation HSS Perinthalmanna |
| VI | 1 | Ann Mariya | St Joseph's AIGHSchool , Calicut |
| | 2 | Annu Jo | St Joseph's AIGHSchool , Calicut |
| | 3 | Merin Shelaz Sacaria | R C U P School Pallikunnu |
| VII | 1 | Karishma Sebastian | Presentation HSS Perinthalmanna |
| | 2 | Alenta Devassia | Kristu Raja Public School, Vellaramkunnu |
| | 3 | Roji George | Presentation HSS Perinthalmanna |
| VIII | 1 | Celine Wilson | St Joseph's AIGHSchool , Calicut |
| | 2 | Libna Francis | Presentation HSS Perinthalmanna |
| | 3 | Ancy Varghese | St Gemma's GHSS ,Malappuram |
| IX | 1 | Riya Thomas | St Antony's GHS Vatakara |
| | 2 | Aleena c Antony | St Gemma's GHSS ,Malappuram |
| | 3 | Gis Mariya Joseph | St Joseph's AIGHSchool , Calicut |
| X | 1 | Cleena Cleetus | St Gemma's GHSS ,Malappuram |
| | 2 | Preetha Maria George | Fathimagiri English School ,Nilambur |
| | 3 | Rose Mary Johnson | Providence high school ,Calicut |

## 10 RANK - SUNDAY SCHOLARSHIP EXAM 2013-14

| STD I | | |
|---|---|---|
| **Rank** | **Name** | **Parish** |
| 1 | Adeline Jason | Mother Of God Cathedral |
| 2 | Hridya Terese Richard | St Theresa's Shrine ,Mahe |
| 3 | Anliya Thomas | Holy Cross Church,Manjeri |
| 4 | Niran Joy | Perpetual Succour Church ,Panamaram |
| 5 | Ashik Joseph | St Mary's Church ,Koyilandy |
| 6 | Elsa Jesly | St Sebastian's Church ,Vadakara |
| 7 | Alphin Albert James | St Joseph's Church ,Malappuram |
| 8 | Jonah Mathew | St.Antony's Church , Pakkam |

| | | |
|---|---|---|
| 9 | Aleesha Jose | St Paul's Church,PaulNagar |
| | **STD II** | |
| **Rank** | **Name** | **School** |
| 1 | Devika M | St Michael's Church ,Westhill |
| 2 | Asher Nikson | Immaculate Conception Church, Mananthavady |
| 3 | Salvi Maria Lawrence | Immaculate Conception Church, Mananthavady |
| 4 | Tessa Jaison | St Joseph's Church,Meppadi |
| 5 | Aleena Siju | Immaculate Heart of Mary Chuch ,Pambra |
| 6 | Nevil KJ | Holy Cross Church ,Poomala |
| 7 | Johan S | Christ The King Church,Malaparamba |
| 8 | Nivitha C Paul | St Joseph's Church ,Vythiri |
| 9 | Alan Shaji | St Thomas Church,Thalapuzha |
| 10 | Ancy Joseph | St Theresa's Shrine ,Mahe |
| | **STD III** | |
| **Rank** | **Name** | **School** |
| 1 | Nile Thomas | St Joseph's Church ,Malappuram |
| 2 | Abel Jude James | St Joseph's Church ,Malappuram |
| 3 | Heba Marry Jaimon | St Thomas Acquinas Church , Thenhipalam |
| 4 | Alenteena Rossel | Holy Cross Church ,Poomala |
| 5 | Alana Swaroop | St Michael's Church ,Westhill |
| 6 | Angel Rose | St Sebastian's Church ,Vadakara |
| 7 | Avelin Therese | St Judes Church , Trikalangode |
| 8 | Sanjude Boby | Immaculate Conception Church , Mananthavady |
| 9 | Teenu Rose Antony | St Judes Church , Trikalangode |
| 10 | John Shelly | St Joseph's Church ,Vythiri |
| | **STD IV** | |
| **Rank** | **Name** | **School** |
| 1 | Annie Susmin | Sacred Heart Church ,Kalpetta |
| 2 | Jeevan D'silva | Holy Cross Church ,Poomala |
| 3 | Anjana Babu | St Joseph's Church ,Vythiri |
| 4 | Shelna Shelby | St Joseph's Church ,Malappuram |

| | | |
|---|---|---|
| 5 | Steeva Maria | St Sebastian's Church ,Vadakara |
| 6 | Annet Anna | Sacred Heart Church ,Cheruvannur |
| 7 | Alen C Cleetus | Holy Cross Church ,Poomala |
| 8 | Ann Selansiya | Perpetual Soccour Church ,Andoor |
| 9 | Josna Maria Sunil | St Michael's Church ,Westhill |
| 10 | Daniya Mary | Christ The King Church,Malaparamba |
| | **STDV** | |
| **Rank** | **Name** | **School** |
| 1 | Maria jovita | St Michael's Church ,Westhill |
| 2 | Riya Fernandez | St Sebastian's Church ,Vadakara |
| 3 | Nichol Joseph | Lourdh matha Shrine ,Perinthalmanna |
| 4 | Daniya Roban | St Judes Church , Trikalangode |
| 5 | Neha Simon | Little Flower Church ,Mavoor |
| 6 | Pearl Ann Jackson | St Joseph's Church ,Malappuram |
| 7 | Staniya Vinu | Sacred Heart Church ,Ambalavayal |
| 8 | Abhiya Simethy | Infant Jesus Church ,Nilambur |
| 9 | Reema PJ | St Joseph's Church ,Malappuram |
| 10 | Agnes Samuel | St John's Church ,Pottammal |
| | **STD VI** | |
| Rank | Name | School |
| 1 | Ann maria | Holy Redeemer Church,Marikunnu |
| 2 | Milan Sebastian | Sacred Heart Church ,Kalpetta |
| 3 | Leona Lawrance | Holy Redeemer Church,Marikunnu |
| 4 | Ashly Sebastian | St Judes Church , Trikalangode |
| 5 | Beneeta P Shaji | St Joseph's Church ,Vythiri |
| 6 | Reni Rose | Holy Redeemer Church,Marikunnu |
| 7 | Neenu Hentry | Christ The King Church,Malaparamba |
| 8 | Diya Shaji | Christ The King Church,Malaparamba |
| 9 | Riya Rojas | Immaculate Conception Church, Mananthavady |
| 10 | Alma Mariyam | St Thomas Church,Thalapuzha |
| | **STD VII** | |
| **Rank** | **Name** | **School** |
| 1 | Alenta Devassy | St Jude's Shrine , Chundale |

| | | |
|---|---|---|
| 2 | Aleena VS | Infant Jesus Church ,Nilambur |
| 3 | Lena Elezabath | St Joseph's Church ,Vythiri |
| 4 | Elvin Rocky Paul | Morning Star Church, Chathamangalam |
| 5 | Stepheena Antony | St Joseph's Church ,Malappuram |
| 6 | Alex Mathew | St Theresa's Shrine ,Mahe |
| 7 | Roji George | Lourdh matha Shrine ,Perinthalmanna |
| 8 | Litty Francis | Lourdh matha Shrine ,Perinthalmanna |
| 9 | Nayana J | Immaculate Conception Church , Mananthavady |
| 10 | Glanuwal Antony | St Joseph's Church,Meppadi |
| | **STDVIII** | |
| **Rank** | **Name** | **School** |
| 1 | Greeshma Antony | St Jude's Shrine , Chundale |
| 2 | Mary Nidhuna Xavier | Holy Cross Church ,Poomala |
| 3 | Aleena Shaji | Holy Cross Church ,Poomala |
| 4 | Alan Jo Josy | St Sebastian's Church ,Kappenkolly |
| 5 | Libna Francis | Lourdh matha Shrine ,Perinthalmanna |
| 6 | Anjali Dominic | Immaculate ConceptionChurch Mananthavady |
| 7 | Maria Donata | St Michael's Church ,Westhill |
| 8 | Aleena Joy | Holy Cross Church ,Poomala |
| 9 | Jithin KB | Holy Cross Church,Manjeri |
| 10 | Nelcy Paul | St Thomas Church,Thalapuzha |
| | **STD IX** | |
| **Rank** | **Name** | **School** |
| 1 | Rajna Silvester | St Joseph's Church ,Pilakavu |
| 2 | Sandra Shibu | Holy Cross Church ,Poomala |
| 3 | Mary Peter | St Joseph's Church ,Malappuram |
| 4 | Amala Tom | Holy Cross Church ,Poomala |
| 5 | Riya Thomas | St Sebastian's Church ,Vadakara |
| 6 | Ashil Antony | St Theresa's Shrine ,Mahe |
| 7 | Rosello Nimmi Nelson | St Paul's Church,Paulnagar |
| 8 | Aleena Margret | St Joseph's Church ,Malappuram |
| 9 | Ansle Dencil | Christ The King Church,Malaparamba |
| 10 | Adarsh P Xavier | Holy Cross Church ,Poomala |

| STD X | | |
|---|---|---|
| **Rank** | **Name** | **School** |
| 1 | Cleena Cleatus | St Joseph's Church ,Malappuram |
| 2 | Liji Kalathil | St Antony's Church,Tholpetty |
| 3 | Johith Joy | Holy Cross Church,Manjeri |
| 4 | Angel An Maria | Sacred Heart Church ,Ambalavayal |
| 5 | Aparna Vinod | St Joseph's Church ,Vythiri |
| 6 | Shelsy Maria | Immaculate Conception Church , Mananthavady |
| 7 | Jincy Shaji | Immaculate Conception Church , Mananthavady |
| 8 | Nancy Varghese | Holy Cross Church,Manjeri |
| 9 | Linda Thomas | St Joseph's Church ,Vythiri |
| 10 | Reethu maria | St Joseph's Church ,Malappuram |
| **Bible Class** | | |
| Rank | Name | School |
| 1 | Anju Laser | St Joseph's Church ,Pilakavu |
| 2 | Rijo Johnson | St Joseph's Church ,Pilakavu |
| 3 | Jincy George | Lady Immaculate Church,Ottapalam |
| 4 | Anju P Sunny | St Joseph's Church ,Meppadi |
| 5 | Anju Antony | St Joseph's Church ,Meppadi |
| 6 | Ephcy Davis | St Xavier's Peruvayal |
| 7 | Grace TheresVictor | St Michael's church ,Westhill |
| 8 | Rijo | St Joseph's Church ,Meppadi |
| 9 | Milka Mary D | Sacred Heart Church ,Kalpetta |
| 10 | Unnimary John | Lourdh Matha Church,Pllikkunnu |

## 10 RANK - DAILY SCHOLARSHIP EXAM 2013-14

| STD I | | |
|---|---|---|
| **Rank** | **Name** | **School** |
| 1 | Diya Biju | St Gemma's GHSS ,Malappuram |
| 2 | Amal Charly | Holy Infant Mary's UPS ,Vythiri |
| 3 | Ann Mary Shanty | Holy Infant Mary's UPS ,Vythiri |
| 4 | Adeline Jason | St Joseph's AIGHSchool , Calicut |

| | | |
|---|---|---|
| 5 | Snupa Shaji | St Joseph's Convent School ,Kalpetta |
| 6 | Alphin Thomas | Marianad ALPS ,Pambra |
| 7 | Diyon Issac Thomas | St Joseph's Convent School ,Kalpetta |
| 8 | Mariya Edward | Holy Infant Mary's UPS ,Vythiri |
| 9 | Angela P V | Lady Immaculate EMJuniorSchool, Ottapalam |
| 10 | Celine R | St Michael'sGirls HSS,Westhill |

**STD II**

| Rank | Name | School |
|---|---|---|
| 1 | Kevin Sebastian | Presentation HSS Perinthalmanna |
| 2 | Joanna Tony | Providence Junior school ,Calicut |
| 3 | Aleena Siju | Marianad ALPS ,Pambra |
| 4 | Thapan Jac Joe | Presentation HSS Perinthalmanna |
| 5 | Alan Jos Ans | Presentation HSS Perinthalmanna |
| 6 | Anet Mary Antony | St Michael'sGirls HSS,Westhill |
| 7 | Bineetta Sebastian | St Gemma's GHSS ,Malappuram |
| 8 | Anu Susan T M | St.Antony's Junior EM School,Vadakara |
| 9 | Alan Dani | St Gemma's GHSS ,Malappuram |
| 10 | Michelle Tony | Lady Immaculate EMJunior School,Ottapalam |

**STD III**

| Rank | Name | School |
|---|---|---|
| 1 | Heba Mary J | St Pauls EMHSS ,Thenhipalam |
| 2 | Lis Maria | St Joseph's Convent School ,Kalpetta |
| 3 | Angel Rose Mannuel | St.Antony's Junior EM School,Vadakara |
| 4 | Abel Jude James | St Gemma's GHSS ,Malappuram |
| 5 | Devika M | St Michael'sGirls HSS,Westhill |
| 6 | Ann Mariya Johny | St Gemma's GHSS ,Malappuram |
| 7 | Ann Tiya Jolly | St Michael'sGirls HSS,Westhill |
| 8 | Catherine Kurian | AUP School, Vazhavatta |
| 9 | Sharon S Paul | R C U P School Pallikunnu |
| 10 | John Shelly Biju | Holy Infant Mary's UPS ,Vythiri |

| STD IV | | |
|---|---|---|
| **Rank** | **Name** | **School** |
| 1 | Isha Angel Joshy | St Gemma's GHSS ,Malappuram |
| 2 | Diya Rose Thomas | St Joseph's Convent School ,Kalpetta |
| 3 | Josna Maria | St Joseph's AIGHSchool , Calicut |
| 4 | Thamanna Rose | Presentation HSS Perinthalmanna |
| 5 | Merlin Shiby | Providence Junior school ,Calicut |
| 6 | Steeva Maria Maxwel | St Antony's Junior Basic School |
| 7 | Jery Joseph | R C U P School Pallikunnu |
| 8 | Ann Merin | Fathimagiri English School ,Nilambur |
| 9 | Ann Rose David | Providence Junior school ,Calicut |
| 10 | Annie Susmine | St Joseph's Convent School , Kalpetta |

**Fr. Geolin Edezhath**

## വചനനാളം 2013-14 : സെന്റ് ജോസഫ്സ് ചർച്ച്, കോഴിക്കോട്

കോഴിക്കോട്: സെന്റ് ജോസഫ് ഇടവകയിലെ മതബോധന വിദ്യാർഥികൾക്കായുള്ള വചനനാളം ക്യാമ്പ്, മെയ് 2,3 തിയ്യതികളിൽ നടത്തുകയുണ്ടായി. റവ.ഫാ.വിമൽ ഫ്രാൻസിസിന്റെ നേതൃത്വത്തിൽ വചന പ്രതിഷ്ഠയോടുകൂടി ആരംഭിച്ച സമ്മേളനത്തിൽ പി.ടി.എ. പ്രസിഡണ്ട് മി. ജോയി അധ്യക്ഷത വഹിക്കുകയും സി. ധന്യ എ.സി. ദീപം തെളിയിച്ച് ഉദ്ഘാടന കർമം നിർവഹിക്കുകയും ചെയ്തു. ബൈബിൾ -പഞ്ചഗ്രന്ഥിയുടെ പഠനവും ആംഗ്യപ്പാട്ടുകളും കളികളും കൊണ്ട് ആഘോഷത്തിമിർപ്പിലായിരുന്നു വിദ്യാർഥികൾ. ക്യാമ്പിൽ പങ്കെടുത്ത എല്ലാ വിദ്യാർഥികൾക്കും ഇടവക വികാരി റവ.ഡോ.അലോഷ്യസ് കുളങ്ങര സമ്മാനങ്ങൾ നൽകുകയും ചെയ്തു.






പത്ത് വർഷങ്ങൾ ജീവിതായുസ്സിൽ വലിയ കാലയളവല്ലെന്നറിയാം! എങ്കിലും കഴിഞ്ഞ പത്ത് വർഷങ്ങൾ എനിക്കേറെ പ്രിയപ്പെട്ടതാണ്– ഞാൻ വൈദികനായിട്ട് പത്ത് വർഷങ്ങൾ! വൈദികപട്ട സ്വീകരണത്തിനു ശേഷം രണ്ടര വർഷങ്ങളേ ഞാൻ നാട്ടിലുണ്ടായിരുന്നുള്ളൂ. 2004 ഏപ്രിൽ 14ന് എന്റെ ഇടവകപ്പള്ളിയായ സെന്റ് ജൂഡ്സ് തീർത്ഥാടനാലയത്തിൽ വെച്ച് ജോസഫ് കളത്തിപ്പറമ്പിൽ പിതാവാണ് എന്നെ വൈദികനായി അഭിഷേചിച്ചത്. പിന്നീട് ഒരു വർഷം മാഹി ദേവാലയത്തിൽ അസിസ്റ്റന്റ് വികാരിയായി സേവനമനുഷ്ഠിച്ചു. അതിനു ശേഷം ഒന്നരവർഷങ്ങൾ പിതാവിന്റെ സെക്രട്ടറിയായും അതോടൊപ്പം വിവാഹകോടതിയിലും മറ്റു ചില രൂപതാ കമ്മീഷനുകളിലും പ്രവർത്തിച്ചു. പിന്നീടുള്ള ഏഴര വർഷങ്ങൾ പഠനത്തിനായി ഞാൻ ഇറ്റലിയിൽ ചിലവഴിച്ചു. ഈ മാസം പഠനം കഴിഞ്ഞ് നാട്ടിലേക്ക് തിരിക്കും മുമ്പ് പത്താം വാർഷികം ഇറ്റലിയിലെ ഫ്ളോറൻസി നടുത്തുള്ള ചെറെത്തോ ഇടവകയിൽ ആഘോഷിക്കാൻ നിമിത്തമായി. അന്ന് വിശുദ്ധ വാരത്തിലെ തിങ്കളാഴ്ചയായിരുന്നതിനാൽ തലേദിവസം ചെറുതായി ആഘോഷിക്കാമെന്നായിരുന്നു വിചാരിച്ചത്. വളരെ ലളിതമായ ദിവ്യബലിക്കു ശേഷം ഇടവക ജനങ്ങൾ എനിക്ക് ആശംസകൾ നേർന്നു. അന്നേ ദിനം വിവാഹിതരാകാൻ പോകുന്നവർക്കായുള്ള ധ്യാനം ദൂരെ ഒരു ആശ്രമത്തിൽ നടക്കുന്നതിനാൽ വികാരി ദൊനാത്തോ അച്ചനോടൊപ്പം ഞാനും യാത്രയായി. തിരിച്ച് വൈകിട്ട് പള്ളിമേടയിലെത്തിയപ്പോഴായിരുന്നു 'സർപ്രൈസ്'! എന്നെ അനുമോദിക്കാൻ ധാരാളം ഇടവക ജനങ്ങൾ ഒത്തുകൂടിയിരിക്കുന്നു. സമ്മാനമായി, കുഞ്ഞുങ്ങൾ വരച്ച ആശംസാകാർഡുകളും ഇടവകയിലെ ഒരു ചിത്രകാരൻ വരച്ച എന്റെ ഒരു ഛായാചിത്രവും മനോഹരമായൊരു കാസയും അവരെനിക്ക് കൈമാറി. പിന്നെ ചെറിയൊരു ഭക്ഷണവുമൊരുക്കിയിരുന്നു. കഴിഞ്ഞ ഏഴു വർഷ

ങ്ങൾ പഠനത്തിനായാണ് ഞാൻ ചിലവഴിച്ചതെങ്കിലും ഈ ഇടവകയിലെയും സ്വിറ്റ്സർലന്റിലെയും അവധിക്കാല ശുശ്രൂഷകൾ വഴിയായി നൂറു കണക്കിനു വിശ്വാസികളുമായി ഇടപെടാനും ശുശ്രൂഷ പൗരോഹിത്യത്തിന്റെ സംതൃപ്തി അനുഭവിക്കാനും എനിക്ക് ഭാഗ്യമുണ്ടായി. സ്ഥൈര്യലേപനവും തിരുപ്പട്ടവുമൊഴികെ മറ്റെല്ലാ കൂദാശകളും നിർവഹിക്കാൻ അവസരം ലഭിച്ചു. അങ്ങിനെ ജൻമത്തിന്റെ ഉത്സവങ്ങളിലും, അനുതാപത്തിന്റെ കണ്ണുനീരിലും, ഓസ്തിയോളം ചെറുതാവുന്ന ദൈവകൃപയുടെ മനോഹര നിമിഷങ്ങളിലും, ജീവിതാവസാനം വരെ കൂടെയുണ്ടാവുമെന്ന രണ്ട് വ്യക്തികളുടെ വാഗ്ദാനത്തിന്റെ വേളയിലും, വാർധക്യത്തിന്റെയും രോഗത്തിന്റെയും കഠിന നിമിഷങ്ങളിലും, വേർപാടിന്റെ വേദന കണ്ണുനീരായി അലച്ചുപെയ്യുന്ന അവസരങ്ങളിലും എന്റെ സാന്നിധ്യമുണ്ടായി. പല രാജ്യങ്ങൾ സന്ദർശിക്കാൻ അവസരം ലഭിച്ചപ്പോഴൊക്കെ നിറ-ഭാഷാ-സംസ്കാര വ്യത്യാസമില്ലാതെ വൈദികനായതു കൊണ്ടുമാത്രം നൂറു കണക്കിനാളുകൾ എന്നെ സ്വീകരിച്ചു, സ്നേഹിച്ചു, ബഹുമാനിച്ചു. ഈ വർഷങ്ങളിലൊക്കെ, മലയാള ഭാഷയിൽ ദിവ്യബലിയർപ്പിക്കുന്ന അതേ ഹൃദയഭാവത്തോടെ ഇറ്റാലിയൻ, ജർമ്മൻ, ഇംഗ്ലീഷ് ഭാഷകളിൽ കുർബാനയർപ്പിക്കാനും, വിവിധ രാജ്യങ്ങളിൽ വൈവിധ്യമാർന്നയിടങ്ങളിൽ മറ്റനേകം ഭാഷകളിൽ സഹകാർമ്മികത്വം വഹിക്കാനും സാധിച്ചു. സഭയുടെ സാർവലൗകീകത അനുഭവിച്ചറിഞ്ഞ നിമിഷങ്ങളായിരുന്നു അവ.

അറിവിന്റെയും അനുഭവങ്ങളുടെയും സൗഹൃദങ്ങളുടെയും സമ്പത്തുമായി നാട്ടിൽ തിരിച്ചെത്തുമ്പോൾ ഓർക്കാനേറെ ഇഷ്ടപ്പെടുന്ന ഒരു കാര്യമുണ്ട്. രണ്ട് പാപ്പമാരെ അടുത്ത് കാണാനും, കേൾക്കാനും, ആശീർവാദം സ്വീകരിക്കാനുമായ അവസരങ്ങൾ. ഈ ഏപ്രിലിൽ 27ന് രണ്ട് പാപ്പമാരുടെ സാന്നിധ്യത്തിൽ രണ്ട് മുൻ പാപ്പമാരെ വിശുദ്ധരാക്കുന്ന ചടങ്ങുകളിൽ സംബന്ധിക്കാനുമുള്ള ഭാഗ്യവുമുണ്ടായി. അതെനിക്ക് ലഭിച്ച തിരുപ്പട്ടവാർഷിക സമ്മാനമായും യാത്രയയപ്പ് സമ്മാനമായും ഞാൻ കണക്കാക്കുന്നു.

ഏഴ് വർഷക്കാലങ്ങളായി എന്റെ പ്രവാസക്കാലഗൃഹാതുരത്വം പങ്കുവെക്കാൻ എനിക്ക് പ്രചോദനമായത് നിങ്ങൾ വായനക്കാരുടെ പ്രോൽസാഹനമായിരുന്നു. ഹൃദയം നിറഞ്ഞ നന്ദി! പ്രവാസകാലം അവസാനിച്ചു.... ഗൃഹാതുരത്വത്തിനും അവസാനായി; എങ്കിലും ഏറെ ഓർമ്മകൾ ബാക്കിയായിട്ടുണ്ട്.

സമയമനുവദിക്കുകയാണെങ്കിൽ പിന്നീടവ പങ്കുവെക്കാം.


മാതൃദിനാശംസകൾ